നവംബർ 2022

# സമഷ്ടി

കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ മുഖപത്രം




കേരള പിറവി ആശംസകൾ


20 YEARS OF EXCELLENCE
കേരളം
പറയുന്നു...
PSC
പഠനം ഇനി
സ്പാർക്കിനൊപ്പം...
CLASSES STARTING ON
NOVEMBER 02
ADMISSIONS OPEN
HYBRID MODEL PSC COACHING
SPARK LEARNINGS
SS Kovil Road,
Padmapadam Building,
near SBI Regional
Business Office,
Thampanoor - 695 001
www.sparklearnings.com
More information call us
97 78 60 06 24
70 12 98 71 76



നിയുക്ത
എ.ഐ.സി.സി. പ്രസിഡന്റ്
ശ്രീ. മല്ലികാർജുൻ ഖാർഗെക്ക്
കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ
അഭിവാദ്യങ്ങൾ




പതിനൊന്നിന ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ പതിനൊന്ന് മണിക്കൂർ
കൂട്ട ഉപവാസ സമരത്തിനു മുന്നോടിയായുള്ള പ്രതിഷേധ മാർച്ച്



സമഷ്ടി
കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ മുഖപത്രം
നവംബർ 2022

*ചീഫ് എഡിറ്റർ*
**രാജേഷ് എം.ജി.**

*മാനേജിംഗ് എഡിറ്റർ*
**ശ്രീജിത്ത് കെ.എസ്.**

*എഡിറ്റർമാർ*
**സജികുമാർ എം.**
**സുനിൽകുമാർ സി.ആർ.**
**വിൻസെന്റ് യു.**
**ബിനു സത്യൻ എം.എസ്.**

*പത്രാധിപ സമിതി അംഗങ്ങൾ*
**ലാജി വിൽഫ്രഡ്**
**സുനിൽ സി**
**വിനു കെ എസ്**
**അസ് ലം ബി.ജെ**
**രമേഷ് കുമാർ ബി**
**ബിനു നന്ദനത്തിൽ**
**പ്രതീഷ് എം**
**ഷംസുദ്ദീൻ സിപി**
**ഹരികുമാർ കെ**
**മണിക്കുട്ടൻ എ**
**സജി കെ**
**റോയ് ജെ.ആർ**
**സന്തോഷ് പി**
**രാധാകൃഷ്ണൻ എൻ**
**ഓമനക്കുട്ടൻ ജി**
**ബിജു ബോയ്**
**മുഹമ്മദ് സലിം**
**ബിജു എസ് കെ**
**മുനീർ എ എൽ**
**സാൾട്ടർ ഐ**
**സജി ഇടവൂർ**

***പ്രസിദ്ധീകരിക്കുന്നത്***
കേരള സെക്രട്ടേറിയറ്റ് അസോസിയേഷനു വേണ്ടി ജനറൽ സെക്രട്ടറി
**കെ. ബിനോദ്**
*സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മാത്രം.*
₹20

***ഡിസൈൻ, ലേ ഔട്ട്***
**ദേവ് ഗ്രാഫ്**, തിരുവനന്തപുരം
9961213370, 8075886998

*കവർ ഡിസൈൻ*
**അരുൺ വി ദേവ്,**
ദേവ് ഗ്രാഫ്

*ലേഖകരുടെ അഭിപ്രായങ്ങൾ സമഷ്ടിയുടേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും*



# ഇല്ലം ചുടുന്ന **ഭരണപരിഷ്കാരം**

ഭരണപരിഷ്കാര റിപ്പോർട്ടിന്റെ മറവിൽ സെക്രട്ടേറിയറ്റിനെ നഗരഹൃദയത്തിൽ നിന്നും മാറ്റി സ്ഥാപിക്കാനുള്ള കുടില തന്ത്രവുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. സെക്രട്ടേറിയറ്റ് തസ്തികകൾ അരിഞ്ഞു വീഴ്ത്തി അവിടെ പിൻവാതിൽ നിയമനങ്ങളുടെ ഈറ്റില്ലമാക്കാനാണ് ശ്രമം. ഭരണം പരാജയമാകുമ്പോൾ പൊതുജനമധ്യത്തിൽ ഉദ്യോഗസ്ഥരെ മോശക്കാരാക്കുന്ന കുടില തന്ത്രമാണ് ഇവിടെ പ്രചരിപ്പിക്കുന്നത്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ജീവനക്കാരെ വിശ്വാസത്തിലെടുത്ത് മികച്ച സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവിഷ്കരിച്ചപ്പോൾ, ഇന്നിവിടെ നടക്കുന്നതോ ഉദ്യോഗസ്ഥരെ സമൂഹമധ്യത്തിൽ മോശക്കാരായി ചിത്രീകരിക്കുന്നു. യു.ഡി.എഫ്. സർക്കാർ കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, അന്താരാഷ്ട്ര സ്റ്റേഡിയം എന്നീ എണ്ണിയാലൊടുങ്ങാത്ത വികസന പ്രവൃത്തികളും , സുകൃതം, ആരോഗ്യ കിരണം, കാരുണ്യ പദ്ധതികളും നടപ്പിലാക്കിയപ്പോൾ, ഇന്ന് എടുത്തു പറയാൻ ഒരു ഭരണ നേട്ടവുമില്ലാതെ സർക്കാർ നട്ടംതിരിയുമ്പോൾ ഭരണപരാജയം മറയ്ക്കാൻ ജീവനക്കാരുടെ മേൽ പഴിചാരുന്നത് എളുപ്പമാണല്ലോ. ഭരണപക്ഷ സംഘടനകൾ പിരിവു സംഘടനകളാകുമ്പോൾ കാര്യങ്ങൾ കുറച്ചുകൂടി അനായാസമാകും. ഇടതു സർക്കാരുകൾ അധികാരത്തിൽ വരുമ്പോൾ മാത്രമേ സർക്കാർ ജീവനക്കാർ ഇത്രയധികം ക്രൂശിക്കപ്പെടാറുള്ളൂ എന്നത് പരമമായ സത്യം.

സർക്കാരിന്റെ സെക്രട്ടേറിയറ്റ് വിരുദ്ധ നടപടികൾക്കെതിരെ കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ നടത്തുന്ന പോരാട്ടങ്ങളിലും പ്രക്ഷോഭങ്ങളിലും എല്ലാ ജീവനക്കാരും അണിചേരുക.

**രാജേഷ് എം.ജി**
ചീഫ് എഡിറ്റർ

# ഉള്ളടക്കം










08 പരാജയം മറയ്ക്കാൻ ഭരണ പരിഷ്ക്കാരം
ഇർഷാദ് എം എസ്

12 അന്ന് അങ്ങനെ, ഇന്ന് ഇങ്ങനെ
കെ. ബിനോദ്

15 മമ മലയാളം
നന്ദനത്തിൽ ബിനുകുമാർ

16 തേരാളിയായി ഖാർഗെ
കഴക്കൂട്ടം സുധീർ








18 ജനത ഏറ്റെടുത്ത ഭാരത് ജോഡോ യാത്ര
രാമചന്ദ്രൻ നായർ ആർ

23 തീരങ്ങൾ പറഞ്ഞ കഥ
അരുൺ ആര്യങ്കാവ്

24 ഗവർണറും ഭരണഘടനയും ഉത്തരവാദിത്തങ്ങളും
വണ്ടന്നൂർ സുരേഷ്

27 അവൻ
പ്രതാപൻ കാട്ടാക്കട

28 എൻഡോസൾഫാൻ
രാമചന്ദ്രൻ നായർ

32 പിൻവിളി
ഷർമിള സി. നായർ

33 കൂടൊഴിയൽ
ഗോപി പുറക്കാടൻ

37 സത്യമേവ ജയതേ
അനിൽകുമാർ കെ. എം.

38 ആരാകണം
രമൺ ഛായയിൽ

39 BOOK
Theertha. R




ലേഖനം



**ഇർഷാദ് എം എസ്**
പ്രസിഡന്റ്
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# പരാജയം മറയ്ക്കാൻ **ഭരണപരിഷ്ക്കാരം**

ഇടതുഭരണം പ്രതിസന്ധികളും വെല്ലുവിളികളും നേരിടുമ്പോൾ എടുത്ത് പ്രയോഗിക്കുന്ന ഒരു ഒറ്റമൂലിയുണ്ട്. _ ഭരണപരിഷ്ക്കാരം. എല്ലാ ഇടതു സർക്കാരുകളും ഇത് പ്രയോഗിച്ചിട്ടുണ്ട്. ഭരണം പിടിപ്പുകേടിനാൽ വിമർശനം ക്ഷണിച്ചു വരുത്തുമ്പോൾ സംവിധാനത്തെ കുറ്റം പറഞ്ഞ് അവർ തടിതപ്പും. ഭരണ പരിഷ്ക്കാരത്തിന്റെ അഭാവമാണ് ഭരണ പരാജയത്തിന് അടിസ്ഥാനമെന്ന് പ്രചരിപ്പിക്കും. ഇടതുഭരണത്തിന്റെ തുടർ വരവിലും ഈ രീതിക്ക് ഒരു മാറ്റവും ഉണ്ടായിട്ടില്ല.

ജനജീവിതം ദു:സഹമായപ്പോൾ ജനകീയ പ്രതിഷേധങ്ങൾ വ്യാപകമായപ്പോൾ കുറ്റം മുഴുവൻ സർക്കാർ ജീവനക്കാരിൽ ചാർത്തി ഒഴിഞ്ഞു മാറാൻ ശ്രമിക്കുകയാണ്.ഭരണപരിഷ്ക്കാര നടപടികൾ ത്വരിതപ്പെടുത്തുന്നുവെന്ന വ്യാജ പ്രതീതി സൃഷ്ടിച്ച് വെടക്കാക്കി തനിക്കാക്കുക എന്ന രീതി സ്ഥിരം പരിപാടിയായിരിക്കുന്നു.

ഭരണപരിഷ്ക്കാരത്തിന്റെ പേരിൽ സ്ഥായിയായി പഴി കേൾക്കുന്ന ഒരു വിഭാഗം സർക്കാർ ജീവനക്കാരുണ്ട് - സെക്രട്ടേറിയറ്റ് ജീവനക്കാർ.ഇടതു ഭരണം സേവനപ്രദായമല്ലാതാകുമ്പോൾ, ഉത്തരവാദിത്തം സെക്രട്ടേറിയറ്റ് ജീവനക്കാരിൽ ചാർത്തും.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കിടയിൽ രണ്ട് പരിഷ്ക്കാര കമ്മീഷനുകൾ കേരളത്തിൽ ഉദയം കൊണ്ടു.

2001 ൽ ഭരണപരിഷ്കാര കമ്മീഷൻ-തലവൻ സ. ഇ കെ.നായനാർ 2021 ൽ ഭരണപരിഷ്കാര കമ്മീഷൻ -തലവൻ സ. വി എസ്. അച്യുതാനന്ദൻ. രണ്ടു കമ്മീഷനുകളുടെയും ശുപാർശകൾ സമാനതകളില്ലാത്ത ദുരിതം സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് വിതച്ചു.

*സംസ്ഥാനസർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നിലവിൽ അടിസ്ഥാന ശമ്പളത്തിന്റെ 11 ശതമാനം വരുന്ന തുക ഡി.എ ഇനത്തിൽ കുടിശ്ശികയാണ്. വർധിച്ചുവരുന്ന പണപ്പെരുപ്പത്തിനിടയിൽ വിലക്കയറ്റം നേരിടാൻ അനുവദിക്കപ്പെടുന്ന ശമ്പളഘടകമായ ക്ഷാമബത്ത, അതിന്റെ ഉദ്ദേശ്യമെന്തെന്ന് പോലും മനസ്സിലാകാത്ത പോലെയാണ് കഴിഞ്ഞ കുറെക്കാലമായി സർക്കാർ പ്രവർത്തിച്ചുവരുന്നത്.*



2001 ൽ അധികാരമൊഴിയുന്നതിന് തൊട്ടുമുമ്പ് നായനാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.സെക്രട്ടേറിയറ്റ് വിരുദ്ധ ശുപാർശകൾ കുത്തിനിറച്ച പ്രസ്തുത റിപ്പോർട്ട് സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് സമ്മാനിച്ച ദുരിതങ്ങൾക്ക് കയ്യും കണക്കുമില്ല. എണ്ണിയാൽ തീരാത്ത ദുരിതങ്ങൾ ഇന്നും സെക്രട്ടേറിയറ്റ് ജീവനക്കാർ പേറുന്നു.

2021 ൽ കാലാവധി തീരുംമുമ്പ് മറ്റൊരു റിപ്പോർട്ട് ഇടതുഭരണത്തിൽ സമർപ്പിക്കപ്പെടുന്നു. പകയിൽ ചാലിച്ച പരിഷ്കാരമാണ് രണ്ടിലും പ്രമേയം.

അതെ ജീവനക്കാർ ഊഹിക്കുന്നിടത്താണ് കാര്യങ്ങൾ എത്തിയിരിക്കുന്നത്. രണ്ടു റിപ്പോർട്ടും സെക്രട്ടേറിയറ്റിന് ഒരു വിശേഷണം ചാർത്തി തന്നിട്ടുണ്ട്

'ഗ്ലോറിഫൈഡ് വില്ലേജാഫീസ്' (glorified village office) അച്യുതാനന്ദൻ കമ്മീഷന്റെ ശുപാർശകളിൽ ചിലത് ചുവടെ ചേർക്കുന്നു.

* ക്വാട്ടയും ബൈ ട്രാൻസ്ഫർ നിയമനങ്ങളും സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഗുണമേൻമയിൽ ശോഷണം വരുത്തിയിരിക്കുന്നു. അതിനാൽ സെക്ഷൻ ഓഫിസറിൽ നിന്നും അണ്ടർ സെക്രട്ടറിയിലേക്കുള്ള പ്രൊമോഷൻ ക്വാളിഫൈയിംഗ് പരീക്ഷയുടെ അടിസ്ഥാനത്തിലാവണം. ഇതിനായി പി.എസ്.സിയെ ചുമതലപെടുത്തണം.

* സർവീസിലെ ലാറ്ററൽ എൻട്രി പി.എസ്.സി നടത്തുന്ന മത്സര പരീക്ഷ വഴി ആയിരിക്കണം. സബോർഡിനേറ്റ് ലെജിസ്ലേഷൻ, പദ്ധതി വിലയിരുത്തൽ, ആഡിറ്റ് മറുപടി തയ്യാറാക്കൽ, ബജറ്റ് പ്രക്രിയ ഇവയിലൊക്കെ ശരാശരി സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് പരിമിതമായ അറിവോബോധമേ ഉള്ളൂ.

* കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് പുനർ വൈദഗ്ധ്യം നൽകി ഓഫീസ് മാനേജർമാരാക്കണം. കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് പൂൾ സമ്പ്രദായം ഏർപ്പെടുത്തണം. സെക്രട്ടേറിയറ്റിലെ ഗസറ്റഡ് - നോൺ ഗസറ്റഡ് ജീവനക്കാർ ഒറ്റ യൂണിയനിലായത് സീനിയർ ഉദ്യോഗസ്ഥരുടെ മനോവീര്യത്തെയും മേൽനോട്ട ചുമതലയെയും ഉത്തരവാദിത്തത്തെയും പ്രതികൂലമായി ബാധിക്കുന്നു.

* സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കാൻ ഗസറ്റഡ് - നോൺ ഗസറ്റഡ് ജീവനക്കാർക്ക് പ്രത്യേകം യൂണിയനുകൾ ഉണ്ടാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

* സെക്രട്ടേറിയറ്റിലെ ജോലി സംബന്ധിച്ച് സമഗ്ര അവലോകനം പ്രൊഫഷണൽ ഏജൻസികളെ ഉപയോഗിച്ച് നടത്തണം. അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് പുന: സംവിധാനം ചെയ്യണം.

* ജീവനക്കാരെ ആദ്യം പഞ്ചായത്ത്തലത്തിലും പിന്നീട് താലൂക്ക്തലത്തിലും തുടർന്ന് ജില്ലാ തലത്തിലും നിയമിച്ച ശേഷമാവണം സെക്രട്ടേറിയറ്റിൽ നിയമിക്കാൻ.

* അഡീഷണൽ സെക്രട്ടറിമാരിൽ നിന്നും പി.എസ്.സി നടത്തുന്ന കഠിനമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ വേണം സ്പെഷ്യൽ സെക്രട്ടറിമാരെ നിയമിക്കാൻ. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റൻറ് എന്നത് മന:പൂർവം മറന്നതാകും?), ഡ്രൈവർ കം ഓഎ എന്നിവയുടെ നിയമനം സംബന്ധിച്ച നിലവിലെ സ്ഥിതി പഠിച്ച്, അവരുടെ സേവനം ഫലപ്രദമായ വിനിയോഗത്തിനായി പൂൾ ചെയ്യുന്നതിനെക്കുറിച്ച് പരിഗണിക്കണം.

* സി.എ തസ്തിക under-utilised ആയി.

* കമ്പ്യൂട്ടർ അസിസ്റ്റന്റ് വാ






നിഷിംഗ് കാറ്റഗറി ആണ്.ഒരു സെക്ഷനിൽ ഒരു ടൈപ്പിസ്റ്റിനെ നിയോഗിക്കുക എന്ന പരമ്പരാഗത രീതി മാറി വലിയ വകുപ്പുകളിൽ സ്വതന്ത്ര പൂളും താരതമ്യേന ചെറിയ വകുപ്പുകളിൽ സംയോജിത പൂളിംഗ് സംവിധാനവും കണ്ടുവരണം .ഡ്രൈവർ കം ഓ എ മാരുടെ സേവനവും പൂളിംഗ് സംവിധാനത്തിലാകണം..

* സെക്രട്ടേറിയറ്റിൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ തട്ടുകളുടെ എണ്ണം വളരെ കൂടുതലാണ്. വിലയിരുത്തൽ, മേൽനോട്ടം, ഏകോപനം തുടങ്ങിയ സെക്രട്ടേറിയറ്റ് പ്രവർത്തനങ്ങളിൽ പ്രതീക്ഷിച്ച തൃപ്തിയില്ല. ടെലിഫോൺ സംഭാഷണങ്ങൾ ഔദ്യോഗിക കമ്യൂണിക്കേഷനായി പരിഗണിക്കണം. സംഭാഷണത്തിന്റെ പ്രസക്തഭാഗങ്ങൾ ലിഖിതമായി രേഖപ്പെടുത്തണം.

* സെക്രട്ടേറിയറ്റിലും ലൈൻ വകുപ്പുകളിലും ഒറ്റ ഫയൽ (Single File) സംവിധാനം ഏർപ്പെടുത്തണം. സെക്രട്ടേറിയറ്റ് പാളയത്ത് നിന്നും കുറഞ്ഞത് 5 കിലോമീറ്റർ ദൂരത്തേക്ക് പറിച്ചു നടണം. സാൻഡ്‌വിച്ച് ബ്ലോക്കുകൾ ഇടിച്ചുപൊളിക്കണം. അനക്സ് കെട്ടിടങ്ങളിൽ കമ്മീഷനുകളെ കുടിയിരുത്തണം.

ഭരണ പരിഷ്കാര കമ്മീഷന്റെ ഇത്തരം ശുപാർശകളിൻമേൽ പഠനം നടത്തുന്നതിന് മാർച്ച് മാസത്തിൽ ചീഫ് സെക്രട്ടറി കൺവീനറായും പൊതുഭരണ വകുപ്പ്, നിയമ, ധനകാര്യ (എക്സ്പെൻഡിച്ചർ ) വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാനും ആറുമാസത്തിനകം പഠനം പൂർത്തിയാക്കാനും ഉത്തരവിട്ടിരുന്നു. ആ സമിതിയുടെ നിർദ്ദേശം പരിഗണിച്ച് കൊണ്ട് സെക്രട്ടേറിയറ്റിൽ നടപ്പിലാക്കേണ്ട പരിഷ്കരണം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ വി എസ് സെന്തിൽ ഐ എ എസ് (Rtd) ചെയർമാനായി ഇപ്പോഴിതാ മറ്റൊരു സമിതി രൂപീകരിച്ചിരിക്കുന്നു. 29/09/2022 ലെ സ ഉ (കൈ) 208/2022/പൊഭവ ഉത്തരവ് പ്രകാരം രൂപീകരിച്ച സമിതിയിൽ പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും വിരമിച്ച അഡീഷണൽ സെക്രട്ടറിമാരായ രാജാറാം തമ്പി ,എൻ കെ ശ്രീകുമാർ, എൻ എം രവീന്ദ്രൻ എന്നിവർ അംഗങ്ങളുമാണ്. റിപ്പോർട്ടിലെ നിർദേശങ്ങളിൽ ഉടനടി നടപ്പിലാക്കേണ്ടവ, സമീപഭാവിയിൽ നടപ്പിലാക്കേണ്ടവ, കൂടുതൽ സമയമെടുത്ത് നടപ്പിലാക്കേണ്ടവ എന്നിങ്ങനെ വർഗീകരണം നടത്താനും ആവശ്യമില്ലാത്ത തസ്തികകൾ ഇല്ലാതാക്കി പുതിയവ സൃഷ്ടിക്കുന്നത് സംബന്ധിച്ചും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്രട്ടേറിയറ്റ് സർവീസിനെ ഈ വർഷം അവസാനിക്കും മുമ്പ് തന്നെ ഉടലോടെ സ്വർഗത്തിലെത്തിക്കണമെന്ന ആസൂത്രിത നീക്കത്തിന്റെ ഭാഗമായാണ് രണ്ടാം സെന്തിൽ കമ്മിറ്റി ഉടലെടുത്തിരിക്കുന്നത്. ഫലത്തിൽ തസ്തികകൾ അരിഞ്ഞുവീഴ്ത്താൻ അരങ്ങൊരുങ്ങി.ഉള്ളത് പലതും പോകും, പുതുതായി ഒന്നും കിട്ടുകയുമില്ല.

ഈ ഉത്തരവിറങ്ങി പിറ്റേന്നാൾ മറ്റൊരു വിധി അശനിപാതം പോലെ പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്. കെ.എ.എസ്സിലേക്ക് 100 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെ

യ്യണമെന്ന്.നേരത്തെ റിപ്പോർട്ട് ചെയ്യാൻ വിധിച്ച 54 ഒഴിവുകൾ കൂടാതെയാണത്രെ ഈ നൂറും. ഇങ്ങനെ പോയാൽ രണ്ടാം ഗസറ്റഡ് തസ്തികയിലേക്കുള്ള പ്രൊമോഷൻ സ്വപ്നങ്ങളിൽ മാത്രമായി അവശേഷിക്കും.വിധി കിട്ടിയാൽ അടിയന്തരമായി അപ്പീൽ പോകണമെന്ന സാമാന്യയുക്തി പോലും നഷ്ടമായോ ഇത് കൈകാര്യം ചെയ്യുന്നവർക്ക്? ഇത്തരം നീതിരഹിതമായ വിധി നടപ്പിലാക്കാനായി മൂന്നു മാസം സമയം ചോദിക്കലാണോ യഥാർത്ഥത്തിൽ ചെയ്യേണ്ടത്? ക്യാറ്റും റാറ്റും കളിച്ച് ഇടതുഭരണം സംസ്ഥാന സർക്കാർ ജീവനക്കാരുടെ സാധ്യതകളുടെ ശവപറമ്പാക്കും.

സിംഗിൾ ഫയൽ എന്നാൽ സയനൈഡ് സമാനമാണ് സെക്രട്ടേറിയറ്റിന്. അതിന്റെ രുചിപോലും ജീവനക്കാർ മനസ്സിലാക്കും മുമ്പ് സെക്രട്ടേറിയറ്റ് സർവീസിന്റെ ആയുസ്സ് അറുക്കാൻ കെൽപ്പുണ്ടതിന്. വില്ലേജ് ആഫീസിലും ഇടതൻമാരുടെ ഭാഷയിലെ ഗ്ലോറിഫൈഡ് വില്ലേജ് ആഫീസായ സെക്രട്ടേറിയറ്റിലും ഒറ്റഫയൽ.ഫയൽ പരിശോധനക്ക് അസിസ്റ്റന്റ് മുതൽ അഡീഷണൽ സെക്രട്ടറി വരെ ആരെയും ആവശ്യമില്ല എന്ന്.സംശയനിവാരണത്തിന് കത്ത് നിഷിദ്ധമായതിനാൽ കമ്പ്യൂട്ടർ അസിസ്റ്റന്റും ഇലക്ട്രോണിക് യുഗമായതിനാൽ ഓഫീസ് അറ്റൻഡന്റും ഒട്ടുമേ വേണ്ട. സിംഗിൾ ഫയൽ സംവിധാനത്തിൽ ഓഫീസ് സെക്ഷനുകൾ അധികപ്പറ്റാകും. അറ്റൻഡറും ക്ലറിക്കൽ അസിസ്റ്റന്റും നോക്കുകുത്തികളാകും. ഡിജിറ്റൽ ആർക്കൈവ് ബൈന്റർമാർക്ക് സഡൻഡെത്ത് വിധിക്കും.

അവകാശ – ആനുകൂല്യങ്ങൾക്ക് വരൾച്ചയും ദുരിതങ്ങളുടെ പെരുമഴക്കാലവും സമ്മാനിച്ച കേരളത്തിലെ ഇടതുഭരണത്തിൽ സെക്രട്ടേറിയറ്റ് വിരുദ്ധ നടപടികൾ ഭീകരരൂപം പ്രാപിച്ചിരിക്കുകയാണ്. അണ്ടർ സെക്രട്ടറി തലത്തിലേക്ക് പ്രൊമോഷന് ക്വാളിഫയിംഗ് പരീക്ഷയും ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്ക് മത്സര പരീക്ഷയും കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികകളുടെ പൂളിംഗും അടക്കമുള്ള ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശകൾ സെക്രട്ടേറിയറ്റ് ജീവനക്കാരന്റെ ശിരസ്സിന് മുകളിൽ ഡെമോക്ലീസിന്റെ വാളുപോലെ തൂങ്ങിയാടുകയാണ്.

വിലക്കയറ്റം മാനംമുട്ടുമ്പോഴും ക്ഷാമബത്ത അനുവദിക്കണമെന്ന ചിന്ത പോലും 'ക്ഷേമ' സർക്കാരിനില്ല എന്നതാണ് യാഥാർത്ഥ്യം. വിവേചനം ഇടതുഭരണത്തിന്റെ മുഖമുദ്ര ആയിരിക്കുന്നു. ഐ എ എസ് ഉദ്യോഗസ്ഥർക്ക് ഡി എ അനുവദിക്കുന്നതിൽ സാമ്പത്തിക പരാധീനത ഈ സർക്കാരിന് പ്രതിബന്ധമായതേ ഇല്ല. ഇപ്പോഴിതാ ജുഡീഷ്യൽ ജീവനക്കാർക്കും ഡി എ അനുവദിച്ചു. ഇതിപ്പോ പണ്ടാരാണ്ടാ പറഞ്ഞ പോലെ 'താടിയുള്ള അപ്പനേയെ പേടിയുള്ളൂ' എന്ന പോലെയായി. പതിനൊന്ന് ശതമാനം ഡി എ നിഷേധിക്കുന്ന ദുർവാശി ഉപേക്ഷിക്കാൻ ഇടതുസർക്കാരിനെ പ്രേരിപ്പിക്കുന്ന പ്രക്ഷോഭങ്ങൾ അനിവാര്യമായിരിക്കുന്നു. ലീവ് സറണ്ടർ നിർത്തലാക്കിയത് 2022 ഡിസംബർ 31 വരെ നീട്ടിയിരിക്കുന്നു. അത് പുന:സ്ഥാപിക്കുന്നതിനുള്ള സൂചന ലവലേശം പോലും ലഭിക്കുന്നില്ല.

സെക്രട്ടേറിയറ്റ് സർവീസിനെ സംബന്ധിച്ചും സഖാക്കളുടെ ലക്ഷ്യം സർവനാശം തന്നെയാണ്. ഇടതു'ആരവ'ത്തിൽ സെക്രട്ടേറിയറ്റ് പരിഷ്കരണ കമ്മിറ്റികളെ കാണുമ്പോൾ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് 'നായാട്ട്', 'വേട്ട' ഒക്കെയാണോർമ്മ വരുന്നത്.

കാണുന്നത് കൊലക്കയറാണ്. അതിദ്രുതം അവിടേക്ക് നടന്നടുക്കുകയല്ല, വേണ്ടത്. സുഭദ്രമായ ചെറുത്തുനിൽപ്പാണ് അനിവാര്യം. യോജിച്ച ചെറുത്ത് നിൽപ്പ് ഇപ്പോഴുണ്ടായില്ലെങ്കിൽ ഇനിയില്ല, സെക്രട്ടേറിയറ്റ് സർവീസ്.

എരിഞ്ഞടങ്ങുന്ന ചിതയായി സെക്രട്ടേറിയറ്റ് സർവീസ് മാറാതിരിക്കുവാൻ, കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ ആവിഷ്കരിച്ചിരിക്കുന്ന സമര പോരാട്ടങ്ങളിൽ ഒറ്റക്കെട്ടായി അണിചേരാൻ എല്ലാ സെക്രട്ടേറിയറ്റ് ജീവനക്കാരോടും ആഹ്വാനം ചെയ്യുന്നു.





**കെ. ബിനോദ്**
ജനറൽ സെക്രട്ടറി
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# അന്ന് അങ്ങനെ, **ഇന്ന് ഇങ്ങനെ**

സംഭവം നടക്കുന്നത് 1983ജനുവരി മാസം 31-ാംതീയതി തിങ്കളാഴ്ച . അന്ന് കേരളം ഭരിക്കുന്നത് ആരാധ്യനായ ലീഡറുടെ നേതൃത്വത്തിലുള്ള യുഡിഎഫ് മന്ത്രിസഭ. കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാരുടെ സറണ്ടർ കേവലം രണ്ടു മാ

***കടന്നൽ കൂട്ടിൽ കല്ലെറിയുന്നത് പോലെയായിരുന്നു തുടർന്നുള്ള അനുഭവം. അന്നത്തെ 'സഗാക്കന്മാർ' ഒന്നടങ്കം കലിയിളകി നോർത്ത് ബ്ലോക്കിന്റെ മുന്നിൽ തടിച്ചുകൂടുകയും ദർബാർഹാളിന് മുന്നിലൂടെ പ്രകടനം നടത്തുകയും ചെയ്തു. ജീവനക്കാരുടെ അവകാശ സമരങ്ങളിൽ കൊടിയുടെ നിറം നോക്കാതെഅണിനിരക്കുന്ന സെക്രട്ടേറിയറ്റ് അസോസിയേഷൻ പ്രവർത്തകരും സഗാക്കന്മാരുടെ കൂടെക്കൂടി. അതൊക്കെ ഒരു കാലം...***



സത്തേക്ക് മരവിപ്പിക്കുന്നു.

കടന്നൽ കൂട്ടിൽ കല്ലെറിയുന്നത് പോലെയായിരുന്നു തുടർന്നുള്ള അനുഭവം. അന്നത്തെ ‘സഗാക്കന്മാർ’ ഒന്നടങ്കം കലിയിളകി നോർത്ത് ബ്ലോക്കിന്റെ മുന്നിൽ തടിച്ചുകൂടുകയും ദർബാർ ഹാളിന് മുന്നിലൂടെ പ്രകടനം നടത്തുകയും ചെയ്തു. ജീവനക്കാരുടെ അവകാശ സമരങ്ങളിൽ കൊടിയുടെ നിറം നോക്കാതെ അണിനിരക്കുന്ന സെക്രട്ടേറിയറ്റ് അസോസിയേഷൻ പ്രവർത്തകരും ‘സഗാക്കന്മാരുടെ’ കൂടെക്കൂടി. അതൊക്കെ ഒരു കാലം...

> ***നാളിതുവരെയുള്ളതിനു സമാനമായി സഖാക്കന്മാർ കുംഭകർണ്ണ സേവയിൽ തുടരുകയാണ്. അയ്യഞ്ച് അഞ്ചുവർഷം കൂടുമ്പോൾ മാത്രം മയക്കംവിട്ടുണരുന്ന സഖാക്കന്മാർ, പക്ഷേ, ആറുവർഷത്തിനു ശേഷവും സുഖസുഷുപ്തിയിൽ നിന്നുണർന്നെണീറ്റിട്ടില്ല.***

പിണറായി വിജയൻ സർക്കാരിൻറെ കീഴിൽ, സർക്കാർജീവനക്കാരുടെ സറണ്ടർ തടഞ്ഞുവയ്ക്കുന്നത് ഇത് തുടർച്ചയായ മൂന്നാം വർഷം. അവസാനമായി പുറത്തിറക്കിയ ഉത്തരവ് പ്രകാരം, സറണ്ടർ തടഞ്ഞുവെച്ച നടപടി 31.12.2022-വരെ ദീർഘിപ്പിച്ചിരിക്കുന്നു. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്, പതിവുപോലെ,ഐഎഎസ് യശമാനല്ല എന്നതുമാത്രമാണ് ഏക വ്യത്യാസം. നാളിതുവരെയുള്ളതിനു സമാനമായി സഖാക്കന്മാർ കുംഭകർണ്ണ സേവയിൽ തുടരുകയാണ്. അയ്യഞ്ച് അഞ്ചുവർഷം കൂടുമ്പോൾ മാത്രം മയക്കംവിട്ടുണരുന്ന സഖാക്കന്മാർ, പക്ഷേ, ആറുവർഷത്തിനു ശേഷവും സുഖസുഷുപ്തിയിൽ നിന്നുണർന്നെണീറ്റിട്ടില്ല.





...തൃഭൂമി

MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM

...y February 1, 1983


Metro
METRO STEEL FURNITURE
INTERNATIONAL ENTERPRISES
35/257-1, Church Landing Road Cochin 682016
PHONE 36234
Opp Air Sorting Post Office, Pallimukku


# ...ലീവ് സറണ്ടർ തുക പ്രശ്നം: സെക്രട്ടേറിയററ് സ്തംഭിച്ചു

Manzia Chirayinkeezhu

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സർക്കാർ ജീവനക്കാർക്ക് സറണ്ടർലീവ് പ്രകാരം കിട്ടേണ്ട തുക രണ്ടുമാസത്തേക്കു ...ത്തിവച്ചതിനെതിരെ സെക്രട്ടേറിയററിൽ എല്ലാ സംഘടനകളിൽപ്പെട്ട ജീവനക്കാരും തിങ്കളാഴ്ച രാവിലെ ...തര മുതൽ മിന്നൽ പണിമുടക്കു നടത്തിയതുമൂലം സെക്രട്ടേറിയററ് പ്രവർത്തനം രണ്ടുമണിക്കൂർ ...ണ്ണമായും സ്തംഭിച്ചു.

ഇന്ന് സ്റ്റേ ഇൻ

## ...ണ സംഗീത ...ി ഉയർന്നു

## മഹാരാഷ്ട്ര: മത്സരം ഒഴിവായി

അല്ലെങ്കിലും അതങ്ങനെയാണ്. യുഡിഎഫ് ഭരിക്കുന്ന കാലത്തുമാത്രമേ സഖാക്കന്മാർ സർക്കാർ ജീവനക്കാരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാകുകയുള്ളൂ. അല്ലാത്ത കാലങ്ങളിൽ സർക്കാരന്റെ സാമ്പത്തികസ്ഥിതിയും സമൂഹത്തിലെ മറ്റു ജനവിഭാഗങ്ങളുടെ 'ക്ഷേമവും'ആദിവാസി ഗോത്ര വിഭാഗങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ സർക്കാർ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങളും സാമൂഹ്യപ്രതിബദ്ധതയുടെ പേരിൽ സർക്കാർ ജീവനക്കാർ അനുഷ്ഠിക്കേണ്ട ത്യാഗസന്നദ്ധതയും സേവനതല്പരതയും, ലളിതജീവിതം നയിക്കേണ്ടതിന്റെ പ്രസക്തിയുമൊക്കെയായിരിക്കും സഖാക്കന്മാരുടെ മുഖ്യപ്രഭാഷണ വിഷയം.

കേരളപ്പിറവിക്കുശേഷം സഖാക്കന്മാർ നാളിതുവരെ നടത്തിയിട്ടുള്ള പണിമുടക്കുകളുടെ, ചുവടെ ചേർക്കുന്ന, പട്ടിക പരിശോധിച്ചാൽ ഇത് പകൽപോലെ വ്യക്തമാകുന്നതാണ്. അതായത്, നാളിതുവരെ ഇടതുപക്ഷം ഭരിക്കുമ്പോൾ, സഖാക്കന്മാർ പേരിന് ഒരു പ്രകടനംപോലും നടത്തിയ സംഭവം പഴമക്കാർക്കുപോലും കേട്ടുകേൾവിയില്ല.

> “
>
> ***കേരളപ്പിറവിക്കുശേഷം സഖാക്കന്മാർ നാളിതുവരെ നടത്തിയിട്ടുള്ള പണിമുടക്കുകളുടെ, ചുവടെ ചേർക്കുന്ന, പട്ടിക പരിശോധിച്ചാൽ ഇത് പകൽപോലെ വ്യക്തമാകുന്നതാണ്. അതായത്, നാളിതുവരെ ഇടതുപക്ഷം ഭരിക്കുമ്പോൾ, സഖാക്കന്മാർ പേരിന് ഒരു പ്രകടനംപോലും നടത്തിയസംഭവം പഴമക്കാർക്കുപോലും കേട്ടുകേൾവിയില്ല.***

നാലുഗഡു കുടിശ്ശികയായ ഡിഎ-യെക്കുറിച്ചോ,സറണ്ടർ ലീവ് ശമ്പളം മൂന്നാം വർഷവും തടഞ്ഞു വെച്ചിരിക്കുന്നതിനെക്കുറിച്ചോ, സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ തസ്തികകൾ ഒന്നടങ്കം അരിഞ്ഞുവീഴ്ത്തിയതിനെക്കുറിച്ചോ, പ്രമോഷനുകൾ മരീചികയായതിനെക്കുറിച്ചോ, ഓഫീസ് അറ്റൻഡന്റുമാരുടെ പോസ്റ്റുകൾ വെട്ടിക്കുറച്ചതിനെക്കുറിച്ചോ, കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, അറ്റൻഡർ തുടങ്ങിയ തസ്തികകൾ ദയാവധവും പഞ്ചായത്തുകളിലേക്കുള്ള പുനർവിന്യാസവും പ്രതീക്ഷിച്ചുകഴിയുന്നതിനെക്കുറിച്ചോ, കോൺട്രിബ്യൂട്ടറി പെൻഷൻ പിൻവലിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിന്മേൽ 500 ദിവസത്തിനുശേഷവും സർക്കാർ അടയിരിക്കുന്നതിനെക്കുറിച്ചോ സഖാക്കന്മാർക്ക് മിണ്ടാട്ടമില്ല.

ഇടതു സർവീസ് സംഘടനകളിലെ മുഖ്യ ഘടകകക്ഷിയായ ജോയിന്റ് കൗൺസിൽ തന്നെ സർക്കാരിന്റെയും സഖാക്കന്മാരുടെയും ഈ കാപട്യത്തിനെതിരെ ഈയടുത്ത കാലത്ത് മുന്നോട്ടു വരാൻ തയ്യാറായി എന്നത് ശുഭോദർക്കമായ ഒരു കാര്യമാണ്.

അടിമുടി തൊഴിലാളി വിരുദ്ധമായ ഇടതു സർക്കാരിനെതിരെ കേരളത്തിലെ സമസ്ത വിഭാഗം സർവീസ് സംഘടനകളും യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകാത്തപക്ഷം ജീവനക്കാരും അവരുടെ പിൻമുറക്കാരും സഖാക്കന്മാർക്ക് മാപ്പുനൽകിയില്ലെന്ന കാര്യം തീർച്ചയാണ്.

| പണിമുടക്ക് നടത്തിയ വർഷം | പണിമുടക്കിയ ദിവസം | അന്നത്തെ ഭരണാധികാരി |
|---|---|---|
| 1966 | 12 | പ്രസിഡൻഷ്യൽ ഭരണം |
| 1973 | 54 | സി. അച്യുതമേനോൻ (കോൺഗ്രസ്സ് പിന്തുണയോടുള്ള ഭരണം) |
| 1978 | 17 | എ.കെ. ആന്റണി |
| 1985 | 11 | കെ. കരുണാകരൻ |
| 2002 | 32 | എ.കെ. ആന്റണി |
| 2013 | 06 | ഉമ്മൻ ചാണ്ടി |

കവിത



നന്ദനത്തിൽ ബിനുകുമാർ

# മമ മലയാളം



മലയാളമേ മമ മലയാളമേ
മനതാരിൽ തെളിയുന്ന നിറദീപമേ
മണി വീണാതന്ത്രിയിലെ മധുനാദമേ
മലയാളമേ മമ മലയാളമേ ....

പാർവണ ചന്ദ്രിക പാൽനിലാവൊഴുക്കുന്ന
പാതിരാമുല്ലകൾ പരിമളം പരത്തുന്ന
പാൽ നുര ചിന്തി പുഴകൾ ഒഴുകുന്ന
മലയാളമേ മമ മലയാളമേ...

കായലിന്നോളങ്ങൾ കാവടിയാടുന്ന
കഥകളി മുദ്രകൾ കളിത്തൊട്ടിലാട്ടുന്ന
കലയുടെ കമനീയ മണിമുറ്റമേ
മലയാളമേ മമ മലയാളമേ...

നീലത്താരകൾ പൂക്കുട തീർക്കുന്ന
നീലാകാശച്ചെരുവിൻ താഴെ
നീലക്കുറിഞ്ഞികൾ നിറകണിയൊരുക്കുന്ന
മലയാളമേ മമ മലയാളമേ ....

വയലേലകളും പൂഞ്ചോലകളും
വള്ളംകളിയും വേലേം പൂരോം
വേറിട്ടുള്ളൊരു കാഴ്ചകൾ തീർക്കും
മലയാളമേ മമ മലയാളമേ ....

നന്മകൾ തന്നുടെ വിളനിലമാകും
സമഭാവനയുടെ നിറകുടമേന്തും
മലയാളമേ മമ മലയാളമേ
വാഴുക വാഴുക വാനോളം നീ
മലയാളമേ മമ മലയാളമേ .....

ലേഖനം




**കഴക്കൂട്ടം സുധീർ**
വൈസ് പ്രസിഡന്റ്
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ


# തേരാളിയായി



# ഖാർഗെ



മല്ലികാർജുൻ ഖാർഖെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ജനാധിപത്യപരമായി തെരഞ്ഞെടുത്ത പ്രസിഡന്റ്. തീക്ഷ്ണമായ അനുഭവങ്ങൾ സ്ഫുടം ചെയ്തെടുത്ത വ്യക്തിത്വം. ദളിത് കുടുംബത്തിൽ ജനിച്ച ഖാർഗെ കോളേജ് പഠന കാലത്ത് തന്നെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. 1962-ൽ കോൺഗ്രസിൽ ചേർന്ന ഖാർഗെ 1969-ൽ 27-ാം വയസിൽ ഗുൽബർഗയിലെ സിറ്റി കോൺഗ്രസ് പ്രസിഡന്റായി. 'സൊലി ല്ലാദ സാദാര' എന്ന പേരിലാണ് ഖാർഗെ കർണാടക രാഷ്ട്രീയത്തിൽ അറിയപ്പെടുന്നത്. 1972-ലെ കർണാടക നിയമസഭാ തിരഞ്ഞെടുപ്പിൽ ഗുർമിത്കർ മണ്ഡലത്തിൽ നിന്നും വിജയിച്ച് ആദ്യമായി MLA ആയ അദ്ദേഹം അന്ന് മുതൽ തുടർച്ചയായി ഒമ്പത് തവണ 1972 - മുതൽ 2008 - വരെ 36 വർഷമാണ് നിയമസഭാംഗമായത്. തോൽവി രുചിക്കാത്ത ഈ തുടർ വിജയങ്ങളാണ് അദ്ദേഹത്തെ തോൽവി അറിയാത്ത നായകനെന്ന വിശേഷണത്തിന് അർഹനാക്കിയത്. സംസ്ഥാനത്ത് കോൺഗ്രസ് അധികാരത്തിൽ വന്നപ്പോൾ രൂപീകൃതമായ മന്ത്രിസഭകളിൽ ഏഴ് തവണ കാബിനറ്റ് വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായ ഖാർഗെ, രണ്ടു തവണ കർണാടക പ്രതിപക്ഷ നേതാവുമായിട്ടുമുണ്ട്. 2005-2008-ൽ സംസ്ഥാന കോൺഗ്രസ് അധ്യക്ഷനായും പ്രവർത്തിച്ചുണ്ട്. 2009-ൽ ആദ്യമായി ലോകസഭയിൽ എത്തിയതോടെ ദേശീയ രാഷ്ട്രീയത്തിലേക്ക് ചുവട് മാറ്റി.

മൻമോഹൻ സിംഗ് സർക്കാരിൽ തൊഴിൽ മന്ത്രിയായ ഖാർഗെക്ക് പിന്നീട് റെയിൽവെ, സാമൂഹ്യ നീതി, ശാക്തീകരണം എന്നീ വകുപ്പുകളും ലഭിച്ചു. 2009 - 2014 വർഷങ്ങളിൽ നടന്ന ലോകസഭാ തിരഞ്ഞെടുപ്പുകളിൽ ഗുൽബർഗ് മണ്ഡലത്തിൽ നിന്നും പാർലമെന്റ് അംഗമായി. 2014 മുതൽ 2019 - വരെ ലോക സഭയിലെ കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി നേതാവായിരുന്നു. 2021 ഫെബ്രുവരിയിൽ രാജ്യസഭാ പ്രതിപക്ഷ നേതാവായി.

**ജന്മം കൊണ്ട് ഞാനൊരു ദളിതനാണ്. പക്ഷേ കർമ്മം കൊണ്ട് അടിയുറച്ച കോൺഗ്രസുകാരനും. എന്റെ പാർട്ടിയാണ് എന്നെ വളർത്തിയത്. ദളിതരുടെ മാത്രമല്ല എല്ലാവരുടെയും സ്നേഹവും കരുതലുമാണ് എന്നെ ഇവിടെ എത്തിച്ചത്**

'ജന്മം കൊണ്ട് ഞാനൊരു ദളിതനാണ്. പക്ഷേ കർമ്മം കൊണ്ട് അടിയുറച്ച കോൺഗ്രസുകാരനും. എന്റെ പാർട്ടിയാണ് എന്നെ വളർത്തിയത്. ദളിതരുടെ മാത്രമല്ല എല്ലാവരുടെയും സ്നേഹവും കരുതലുമാണ് എന്നെ ഇവിടെ എത്തിച്ചത് '

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മല്ലികാർജുൻ ഖാർഗെയുടെതാണ് ഈ വാക്കുകൾ

സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ ജനിക്കുകയും , അവർക്കിടയിൽ പ്രവർത്തിക്കുകയും , അവരിലൂടെ വളർന്ന് പാർട്ടിയുടെ പരമോന്നത പദവിയിലെത്തുകയും ചെയ്ത അസാധാരണ വ്യക്തിത്വമായ മല്ലികാർജുൻ ഖാർഗെ എന്ന പരാജയമറിയാത്ത വ്യക്തിത്വത്തിന് കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ ഒരായിരം അഭിവാദ്യങ്ങൾ ..........



**രാമചന്ദ്രൻ നായർ ആർ**
ട്രഷറർ, സരസ്,
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# ജനത ഏറ്റെടുത്ത **ഭാരത് ജോഡോ യാത്ര**



നമ്മുടെ രാജ്യത്തെ ജനങ്ങളെ വർഗ്ഗീയമായി ഭിന്നിപ്പിക്കുന്ന ശക്തികളുടെ വെറുപ്പിന്റെ രാഷ്ട്രീയത്തിനെതിരെയുള്ള കാഴ്ചപ്പാടും ജനങ്ങളെ ഒരുമിപ്പിച്ച് ഭാരതത്തെ വീണ്ടെടുക്കുക എന്നതുമാണ് ഭാരത് ജോഡോ യാത്ര മുന്നോട്ടുവയ്ക്കുന്ന ആശയം. ഇന്ത്യയിലെ ജനങ്ങൾക്ക് ഐക്യം വേണമെന്ന് പറയാനാണ് ഈ യാത്ര രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇടക്കാലത്ത് നമുക്ക് നഷ്ടപ്പെട്ടുപോയ സ്നേഹവും സാഹോദര്യവും കരുതലും ഐക്യവുമുള്ള ഒരു ഇന്ത്യയിലേക്ക് തന്നെ തിരിച്ചു പോകേണ്ടതുണ്ട്. അതിരൂക്ഷമായ വിലക്കയറ്റവും തൊഴിലില്ലായ്മയും ജനജീവിതം




ദുരിതപൂർണ്ണമാകുമ്പോൾ ജാതിയുടെയും മതത്തിന്റെയും പേരിൽ വർഗീയത വളർത്തി ജനങ്ങളെ ഭിന്നിപ്പിക്കുന്ന ഭരണസംവിധാനങ്ങൾക്കെതിരെ രാജ്യത്തെ ഒന്നിപ്പിക്കുക എന്ന പ്രഥമ ലക്ഷ്യവുമായാണ് ശ്രീ. രാഹുൽഗാന്ധി ജോഡോ യാത്ര നയിക്കുന്നത്.

## ദണ്ഡിയാത്ര

പദയാത്ര എന്ന് കേൾക്കുമ്പോൾ നാം ഭാരതീയരുടെ മനസ്സിൽ ആദ്യം ഓർമ്മ വരുന്നത് രാഷ്ട്രപിതാവായ മഹാത്മജി ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരെ നടത്തിയ ദണ്ഡി യാത്രയാണ്. സാധാരണക്കാരന്റെ നിത്യജീവിതത്തിൽ ഒഴിവാക്കുവാൻ സാധിക്കാത്ത ഉപ്പിന് അന്യായമായ നികുതി ചുമത്തിയതിനെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആഹ്വാനപ്രകാരം അഹമ്മദാബാദിലെ സബർമതി ആശ്രമത്തിൽ നിന്നും 388 കിലോമീറ്റർ അകലെയുള്ള ദണ്ഡികടപ്പുറത്തേക്ക് രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള 78 സത്യാഗ്രഹികളെയും കൂട്ടിക്കൊണ്ട് 1930 മാർച്ച് മാസം പന്ത്രണ്ടാം തീയതി തുടങ്ങി 24 ദിനരാത്രങ്ങൾ പിന്നിട്ട് ഏപ്രിൽ മാസം ആറിന് മഹാത്മാഗാന്ധി ദണ്ഡി കടപ്പുറത്ത് കടൽ വെള്ളം വറ്റിച്ച് കുറുക്കി ഉപ്പ് ഉണ്ടാക്കിക്കൊണ്ടാണ് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അന്യായമായ നികുതിയ്ക്കെതിരെ പോരാട്ടത്തിന് തുടക്കം കുറിച്ചത്. ഗ്രാമാന്തരങ്ങളിലൂടെ യാത്ര നടത്തിയും ഗ്രാമീണ ജനതയോടു സംവദിച്ചും അവരുടെ ദുഃഖങ്ങളും പ്രയാസങ്ങളും പങ്കിട്ടുകൊണ്ടാണ് അദ്ദേഹം ദണ്ഡി യാത്രയ്ക്ക് നേതൃത്വം നൽകിയത്.

## ഭാരത് ജോഡോ യാത്ര വിശാലമായ കാഴ്ചപ്പാട്

മഹാത്മജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഭരണാധികാരികളുടെ കരിനിയമങ്ങൾക്കും മർദ്ദനമുറകൾക്കും നികുതി ഭീകരതയ്ക്കും എതിരായി ജന്മനാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമര പോരാട്ടമാണ് നടത്തിയതെങ്കിൽ, വർത്തമാന കാല ഇന്ത്യൻ രാഷ്ട്രീയത്തിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ നടക്കുന്ന പദയാത്ര രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തച്ചുതകർക്കുന്ന ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷ, വസ്ത്രം, ആഹാരം തുടങ്ങിയ വൈകാരികമായ വിഷയങ്ങളുടെ പേരിൽ മനുഷ്യകുലത്തിനെ തമ്മിലടിപ്പിക്കുന്ന വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും അസഹിഷ്ണതയുടെയും രാഷ്ട്രീയത്തിനെതിരെയാണ്.








2022 സെപ്റ്റംബർ 7 – ന് ഭാരതത്തിന്റെ തെക്കേയറ്റത്ത് ത്രിവേണി സംഗമഭൂമിയായ കന്യാകുമാരിയിലെ മഹാത്മാഗാന്ധി പ്രതിമയിലും സ്വാമി വിവേകാനന്ദ മണ്ഡപത്തിലും തിരുവള്ളുവർ പ്രതിമയിലും കാമരാജ് മണ്ഡപത്തിലും ഹാരാർപ്പണം ചെയ്ത് നമസ്കരിച്ച ശേഷം, ഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും, മതേതരത്വത്തിനും സാഹോദര്യത്തിനുമായി തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം.കെ. സ്റ്റാലിൻ ശ്രീ. രാഹുൽഗാന്ധിക്ക് ദേശീയപതാക കൈമാറിക്കൊണ്ട് തുടക്കം കുറിച്ച 'ഭാരത് ജോ ഡോ യാത്ര' ദിവസവും 25 കിലോമീറ്റർ ദൂരം 12 സംസ്ഥാനങ്ങളിലൂടെ 152 ദിവസങ്ങൾ കൊണ്ട് 3572 കിലോമീറ്റർ ദൂരം താണ്ടി 2023 ജനുവരി 30 ന് മഹാത്മജിയുടെ രക്തസാക്ഷിത്വ ദിനത്തിൽ ഭാരതത്തിന്റെ വടക്കേയറ്റമായ കാശ്മീരിൽ എത്തിച്ചേരുന്നു.





ഇന്ത്യയിലെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ രാഷ്ട്രീയ നേതാവോ ഇന്നേവരെ നടത്തിയിട്ടില്ലാത്ത ഏറ്റവും ദൈർഘ്യമേറിയതും വിപുലവുമായ പദയാത്രയാണ് ശ്രീ. രാഹുൽഗാന്ധിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും നയിക്കുന്ന ഭാരത് ജോഡോ യാത്ര.

യാത്രയുടെ തുടക്കം മുതൽ കിട്ടുന്ന ജനകീയ പങ്കാളിത്തവും സ്വീകാര്യതയും സൂചിപ്പിക്കുന്നത് ശ്രീ. രാഹുൽ ഉയർത്തുന്ന മുദ്രാവാക്യങ്ങളുടെ സ്വീകാര്യതയാണ്.

അതിരൂക്ഷമായ വിലക്കയറ്റം, തൊഴിലില്ലായ്മ

കയർ, കശുവണ്ടി, കൈത്തറി, മത്സ്യബന്ധനം തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലകളുടെ തകർച്ച

കർഷക ആത്മഹത്യയടക്കമുള്ള കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

നോട്ട് നിരോധനം, വികലമായ ജി.എസ്.ടി. മൂലം അടച്ചുപൂട്ടിയ ചെറുകിട കച്ചവട വ്യാപാര സ്ഥാപനങ്ങൾ

രാജ്യസുരക്ഷ നേരിടുന്ന ഭീഷണി

അധികാര രാഷ്ട്രീയത്തിനായി ജനാധിപത്യം കശാപ്പ് ചെയ്യൽ

മതാധിഷ്ഠിത രാഷ്ട്രത്തിനായി വിഭാഗീയത സൃഷ്ടിക്കൽ

തുടങ്ങിയ നിരവധിയായ വിഷയങ്ങളാണ് ഈ യാത്രയിലുടനീളം ചർച്ചയായത്.

ഭാരത് ജോഡോ യാത കന്യാകുമാരിയിൽ നിന്നും ആരംഭിച്ചതു മുതൽ ശ്രീ. രാഹുൽ ഗാന്ധിയെ ഒരു നോക്ക് കാണുവാൻ, സംസാരിക്കുവാൻ, സൗഹൃദം പങ്കിടുവാൻ, ആശ്ലേഷിക്കുവാൻ ജനങ്ങൾ പ്രതീക്ഷയോടെ കാത്തുനിൽക്കുന്നത് ഒരു വേറിട്ട അനുഭവമായി. തങ്ങളുടെ സങ്കടങ്ങൾ, വേദനകൾ, യാതനകൾ





എല്ലാം തുറന്ന് പറയുവാൻ .... ഒരു കുടുംബാംഗത്തെ പോലെ ഒരു കൂടെപ്പിറപ്പിനെ പോലെ ചേർത്തു പിടിച്ചു കൊണ്ടുള്ള അവിസ്മരണീയ യാത്രയാണ് ജോഡോ യാത്ര. ശാരീരികമായ അവശതകൾ മാറ്റിവച്ചു കൊണ്ട് വൃദ്ധജനങ്ങൾ, കൈക്കുഞ്ഞുങ്ങളുമായി അമ്മമാർ, ചെറുപ്പക്കാർ, തൊഴിലുറപ്പ് – കുടുംബശ്രീ സഹോദരിമാർ, കൈത്തറി – കശുവണ്ടി – കയർ, മത്സ്യ തൊഴിലാളികൾ, ഓട്ടോ – ടാക്സി ഡ്രൈവർമാർ, ഡെലിവറി ബോയ്സ്, ഐ.റ്റി. പ്രൊഫഷണലുകൾ, അഭിഭാഷകർ, വിദ്യാർത്ഥികൾ, ശാസ്ത്ര രംഗത്തുള്ളവർ, അധ്യാപകർ, സർക്കാർ ജീവനക്കാർ, കച്ചവടക്കാർ, ലോട്ടറി വിൽപ്പനക്കാർ, സിനിമാ–സാഹിത്യ രംഗങ്ങളിലെ പ്രമുഖർ, കായിക താരങ്ങൾ, വിവിധ ജാതി–മത വിഭാഗങ്ങളിലെ വിശ്വാസികൾ, വിവിധ രാഷ്ട്രീയ –സാമൂഹ്യ നേതാക്കന്മാർ, പ്രവർത്തകർ തുടങ്ങിയ സമൂഹത്തിലെ അനേക ലക്ഷങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയോടൊപ്പം സ്വയമേവ അണി ചേരുന്നത് നമുക്ക് പ്രതീക്ഷ നൽകുന്നു.

കന്യാകുമാരിയിൽ നിന്നാരംഭിച്ച് തമിഴകവും മലയാളക്കരയും പിന്നിട്ട് കന്നട നാട്ടിലെ ബെല്ലാരിയിൽ എത്തിയപ്പോൾ യാത്ര ആയിരം കിലോമീറ്റർ പിന്നിട്ടു. ആന്ധ്രയും തെലുങ്കാനയും മഹാരാഷ്ട്രയും ..... കടന്ന് 2023 ജനുവരി 30 ന് രാഷ്ട്രപിതാവ് മഹാത്മജിയുടെ രക്തസാക്ഷിത്വ ദിനത്തിൽ ജമ്മു – കാശ്മീരിൽ എത്തിച്ചേരുമ്പോൾ.... ഭാരത് ജോഡോ യാത്ര ഇന്ത്യൻ രാഷ്ട്രീയ ചക്രവാള സീമയിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സഹനത്തിന്റെയും ഐക്യത്തിന്റെയും നവചരിത്രം രചിക്കുക തന്നെ ചെയ്യും.



കവിത



**അരുൺ ആര്യങ്കാവ്**
നിർവ്വാഹക സമിതി അംഗം
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# തീരങ്ങൾ പറഞ്ഞ കഥ

തീരത്തിനുണ്ടൊരുപാടു പറയാൻ, തീരമണഞ്ഞവർ
പറയാൻ മറന്ന ഏടുകൾ

പേമാരിയിൽ നദിയുടെ രൗദ്രഭാവത്തിൽ
നിന്നെ ഒളിപ്പിച്ച്
തീരമാതല്ലു വാങ്ങി
വേദനിച്ച ആത്മനൊമ്പരപ്പാടിന്റെ വിങ്ങൽ

നിനക്കായ് തണലൊരുക്കി
പുൽ മെത്ത വിരിച്ചു ഹരിതായ്മ
കൊണ്ട് മനം നിറച്ച്, നീ തീരത്തു
നിന്നെടുത്തീ  നദിയിലെറിഞ്ഞ
ദുഃഖമാവാഹിച്ച കല്ലുകൾ
നീ പ്രണയിനിയിൽ പ്രണയം
നിറച്ച നിലാവു പൂക്കുന്ന
സന്ധ്യയിൽ അവളിൽ നീ
നിറഞ്ഞാടിയ ഉന്മാദ നൃത്ത
ചുവടുകൾ ശമിപ്പിച്ച് നീയാം
അഗ്നി  തണുത്തുറഞ്ഞു
വിട പറഞ്ഞതും

അവൾ തൻ
ജീവ നിധി സ്വന്തമാക്കുവാൻ
വാക്കുകൾ നിറച്ച വാഗ്ദത്ത
രാത്രി തൻ വാക്കു തെറ്റി ഇതേ
മടിത്തട്ടിലവൾ മണൽ തരി
വാരിത്തൂകി കരഞ്ഞതും കുളിർ
കാറ്റിൻ തണുവിലും ചതിതന്നാതപം
ശമിക്കാതെ നദിയിലിക്കയത്തിലവൾ
തണുത്തുറഞ്ഞതിനുമേകസാക്ഷിയാം ഹരിതാഭ തീരം

തീരമായ് ചിലപ്പോൾ മാറുന്നു
നമ്മൾ ആത്മ വഞ്ചനയുടെ കഥകൾ
ജീവ നദിയുടെ കയങ്ങളിൽ
ഭദ്രമായ് വിറങ്ങലിച്ചുറങ്ങുവാൻ
വിട്ട് സ്വാർത്ഥ പർവ്വത്തിൻ ശയ്യയിൽ
തീരമാകാതിരിക്കുക ചില നേരങ്ങളിൽ
നിൻ ജീവിതമാം പ്രണയിനി

ചതിക്കപ്പെടുമ്പോൾ ചതിയുടെ പത്മവ്യൂഹങ്ങൾ തീർക്കുന്ന
കയങ്ങൾ താണ്ടി വിജയ ഭേരി
മുഴക്കുക പൗർണ്ണമിയുടെ ദ്യുതി മഴയിൽ മുങ്ങി മറക്കാതിരിക്കുക
ചതിയൊരുക്കുന്ന ചിതയൊരുക്കുന്ന കയങ്ങളിൽ
വീണവർ തൻ ചരിത്രമുറങ്ങുന്ന തീരം പറയാൻ മറന്ന കഥകൾ

ലേഖനം



**വണ്ടന്നൂർ സുരേഷ്**
സെക്ഷൻ ഓഫീസർ,
നിയമ വകുപ്പ്, സെക്രട്ടേറിയറ്റ്

# ഗവർണറും ഭരണഘടനയും **ഉത്തരവാദിത്തങ്ങളും**

**ഒരു രാഷ്ട്രപതി ചെയ്യുന്ന എല്ലാ സമാനമായ പ്രവർത്തികളും, ഓരോ സംസ്ഥാനങ്ങളിലെയും ഗവർണർമാരും നിർവഹിക്കുന്നു. എന്നാൽ ഒരു ഗവർണർ കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയായും സംസ്ഥാനങ്ങളുടെ തലവനായും ഒരേ സമയം പ്രവർത്തിക്കുന്ന ആളാണ്. അതുകൊണ്ടുതന്നെ ഗവർണർ ഇരട്ട പങ്കു വഹിക്കുന്നു എന്ന് പറയാം.**

'ഇന്ത്യൻ ഭരണഘടന'യിൽ നിയമമാക്കിയിട്ടുള്ള രാഷ്ട്രത്തലവൻ പ്രസിഡന്റ് എന്നതുപോലെ സംസ്ഥാനങ്ങളുടെ തലവൻ എന്ന നിലയിൽ ഗവർണറുടെ ഉത്തരവാദിത്തങ്ങൾ ഭരണഘടനയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു സംസ്ഥാനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനമനുഷ്ഠിക്കുകയും സർക്കാരിന്റെ എക്സിക്യൂട്ടീവ് ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടുന്നയാളാണ് ഗവർണർ. നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം ഉള്ള ആദ്യ സെഷനെ അഭിസംബോധന ചെയ്യേണ്ടതും ഗവർണറാണ്.

ഗവർണർക്ക് നിയമനിർമ്മാണത്തിൽ ഒപ്പിടാം,അത് നിയമമാകും. ഭരണഘടനയുടെ അനുഛേദം 200, 201 പ്രകാരം ഒരു ബില്ല് നിയമസഭ പാസ്സാക്കി അയച്ചാൽ ഗവർണർക്ക് മുന്നിൽ നാല് ഓപ്ഷനുകളാണുള്ളത്. ഒപ്പ് ഇടുക,ഹോൾഡ് ചെയ്യുക,രാഷ്ട്രപതിയ്ക്ക് അയക്കുക,അല്ലെങ്കിൽ ബിൽ തിരിച്ച് അയക്കുക എന്നിങ്ങനെയാണത്.

ഒരു ബില്ല് വീറ്റോ ചെയ്യപ്പെടുകയാണെങ്കിൽ,അത് പൊതു അസംബ്ലിയിലേക്ക് തിരികെ നൽകും.

തിരിച്ച് അയച്ച ബിൽ നിയമസഭ ആറു മാസത്തിനകം പരിഗണിച്ച് വീണ്ടും അയച്ചാൽ



ഗവർണർ ഒപ്പ് ഇട്ടേ മതിയാകൂ എന്നാണ് ഭരണഘടന അനുശാസിക്കുന്നത്. അതാണ് ഭരണഘടന രീതി.

അടുത്തിടെ ബില്ലുകൾ ഒപ്പിടുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാരും ഗവർണറും തമ്മിൽ നടക്കുന്ന ചില സുഖകരമല്ലാത്ത ഏറ്റുമുട്ടലുകളുടെ പശ്ചാത്തലത്തിൽ ഗവർണറുടെ ഉത്തരവാദിത്തങ്ങളിലൂടെ ഓരോട്ടപ്രദക്ഷിണത്തിന് മുതിരുകയാണ്.

സംസ്ഥാനത്തിന് പ്രധാനപ്പെട്ട കാര്യങ്ങളിൽ എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട, സംസ്ഥാനത്തിന്റെ സായുധ സേനയുടെ കമാൻഡർ-ഇൻ-ചീഫ് ആയി പ്രവർത്തിക്കേണ്ട ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കേണ്ടയാളായാണ് ഗവർണർ. കൂടാതെ ഗവർണ്ണർക്ക് ഇളവുകളും, മാപ്പുകളും നൽകാനുള്ള അധികാരവുമുണ്ട്.

**ഒരു രാഷ്ട്രപതി രാജ്യത്തിനുവേണ്ടി ചെയ്യുന്ന കടമകൾ എന്താണോ അതെ രീതിയിൽ സംസ്ഥാനങ്ങൾക്കു വേണ്ടി നിയമിച്ചിട്ടുള്ള തലവനാണ് ഗവർണർ. എന്നാൽ സംസ്ഥാനത്തിലെ മുഖ്യമന്ത്രിയെയും മന്ത്രി സഭയെയും നിയമിക്കുന്നത് ഗവർണറാണ്.**



ഒരു ഗവർണറുടെ ജോലികളെന്താണെന്നും, ഒരു ഗവർണറെ തെരഞ്ഞെടുക്കുന്ന രീതി എന്താണെന്നും,ഗവർണറിൽ നിക്ഷിപ്തമായിട്ടുള്ള കടമകൾ എന്തെല്ലാമാണെന്നും നമ്മളിൽ പലർക്കും അറിയുന്നുണ്ടാവില്ല.

ഇന്ത്യൻ ഭരണ സംവിധാനത്തിൽ നാം പിന്തുടരുന്ന രീതികളാണ് വികേന്ദ്രീകരണ തത്വവും കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സംവിധാനവും. ഒരു രാജ്യത്തിന്റെ പ്രഥമപൗരൻ രാഷ്ട്രപതിയാണ്. അതുപോലെ ഒരു രാഷ്ട്രപതി രാജ്യത്തിനുവേണ്ടി ചെയ്യുന്ന കടമകൾ എന്താണോ അതെ രീതിയിൽ സംസ്ഥാനങ്ങൾക്കു വേണ്ടി നിയമിച്ചിട്ടുള്ള തലവനാണ് ഗവർണർ. എന്നാൽ സംസ്ഥാനത്തിലെ മുഖ്യമന്ത്രിയെയും മന്ത്രി സഭയെയും നിയമിക്കുന്നത് ഗവർണറാണ്. മറ്റ് ചില ഭരണ നിർവഹണ ഉദ്യോഗസ്ഥരായ സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ് ജനറൽ,സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങൾ എന്നിവരെ നിയമിക്കുന്നതിലും ഗവർണർക്ക് ഭരണപരമായ അധികാര പങ്കുണ്ട്.

ഒരു രാഷ്ട്രപതി ചെയ്യുന്ന എല്ലാ സമാനമായ പ്രവർത്തികളും, ഓരോ സംസ്ഥാനങ്ങളിലെയും ഗവർണർമാരും നിർവഹിക്കുന്നു. എന്നാൽ ഒരു ഗവർണർ കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയായും സംസ്ഥാനങ്ങളുടെ തലവനായും ഒരേ സമയം പ്രവർത്തിക്കുന്ന ആളാണ്. അതുകൊണ്ടുതന്നെ ഗവർണർ ഇരട്ട പങ്കു വഹിക്കുന്നു എന്ന് പറയാം.

പ്രധാനമായും ഒരു ഗവർണറുടെ ജോലികൾ എന്തെല്ലാമാണ്?

ഗവർണറുടെ ചുമതലകൾ പ്രധാനമായും നിയമനിർമ്മാണ അധികാരങ്ങൾ,ജുഡീഷ്യൽ അധികാരങ്ങൾ,ഭരണപരമായ അധികാരങ്ങൾ,

രാഷ്ട്രപതിയുടെ ഭരണം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ഓരോ അധികാരങ്ങളും എന്താണെന്ന്

വ്യക്തമായി മനസ്സിലാക്കാം.

അനുഛേദം 163 പ്രകാരം ഗവർണർ മന്ത്രിസഭയുടെ ഉപദേശത്തിന് അനുസൃതമായി പ്രവർത്തിക്കണം. എന്നാൽ ചില കാര്യങ്ങളിൽ

വിവേചന അധികാരവുമുണ്ട്.

ഒരു ബിൽ ഒരു സംസ്ഥാനത്തിന്റെ നിയമസഭ പാസാക്കുകയോ,ഒരു സംസ്ഥാനത്തിന് ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ ഉണ്ടായിരിക്കുകയോ ചെയ്യുമ്പോൾ,അത് സംസ്ഥാന നിയമസഭയുടെ ഇരുസഭകളും പാസാക്കുകയാണെങ്കിൽ,അത് ഗവർണർക്ക് സമർപ്പിക്കുകയും ഗവർണർ അത് പഠിച്ച ശേഷം ഒപ്പിട്ട് നൽകുകയും വേണം. ഒന്നുകിൽ താൻ ബില്ലിന് സമ്മതം നൽകുന്നതായോ അല്ലെങ്കിൽ അതിന്റെ സമ്മതം തടഞ്ഞുവെന്നോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ബിൽ കരുതിവച്ചിട്ടുണ്ടെന്നോ പ്രഖ്യാപിക്കുക: എന്നാൽ,ഗവർണർ ബില്ല് അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടതിന് ശേഷം എത്രയും വേഗം അത് തിരികെ നൽകേണ്ടതാണ്. മണി ബില്ലല്ലെങ്കിൽ, സഭയോ,സഭകളോ ബില്ലോ അതിലെ ഏതെങ്കിലും നിർദ്ദിഷ്ട വ്യവസ്ഥകളോ പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്ന ഒരു സന്ദേശവും, പ്രത്യേകിച്ച്,തന്റെ സന്ദേശത്തിൽ അദ്ദേഹം ശുപാർശ ചെയ്യുന്ന അത്തരം ഭേദഗതികൾ അവതരിപ്പിക്കുന്നതിന്റെ അഭികാമ്യം പരിഗണിക്കവേ ബന്ധപ്പെട്ട സർക്കാരിനോട് ആരായാവുന്നതാണ്. ഒരു ബിൽ അങ്ങനെ മടക്കി നൽകപ്പെടുമ്പോൾ,സഭയോ, സഭകളോ ബിൽ അതനുസരിച്ച് പുനഃപരിശോധിക്കും,ഭേദഗതിയോടെയോ അല്ലാതെയോ ബിൽ വീണ്ടും പാസാക്കി ഗവർണർക്ക് സമർപ്പിക്കുകയാണെങ്കിൽ, ഗവർണർ അതിന്റെ സമ്മതം കഴിവതും തടഞ്ഞുവയ്ക്കാൻ പാടില്ല, ഒപ്പിട്ടു നൽകണം. അതേ സമയം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ഒരു ബിൽ ഗവർണർ മാറ്റിവെച്ചിരിക്കുമ്പോൾ, രാഷ്ട്രപതി ബില്ലിന് അംഗീകാരം നൽകുന്നതായോ അല്ലെങ്കിൽ അതിന്റെ സമ്മതം തടഞ്ഞുവെന്നോ പ്രഖ്യാപിക്കണം. എന്നാൽ ബിൽ മണി ബില്ലല്ലെങ്കിൽ, രാഷ്ട്രപതിക്ക് ആർട്ടിക്കിൾ 200-ലെ ആദ്യ വ്യവസ്ഥയിൽ പരാമർശിച്ചിരിക്കുന്നതും ഒരു ബിൽ തിരികെ നൽകുമ്പോൾ,ബിൽ സഭയിലേക്ക് തിരികെ കൊണ്ടുവരാൻ ഗവർണറോട് നിർദ്ദേശിക്കുകയോ അല്ലെങ്കിൽ,സംസ്ഥാന നിയമസഭയുടെ സഭകൾ ഒരുമിച്ച് അത്തരം സന്ദേശം ലഭിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ സഭയോ,സഭകളോ അത് പുനഃപരിശോധിക്കുകയും ഭേദഗതിയോടെയോ അല്ലാതെയോ വീണ്ടും സഭയോ,സഭകളോ പാസാക്കുകയാണെങ്കിൽ,അത് വീണ്ടും രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്. രാഷ്ട്രപതിയുടെ തീരുമാനം ഉൾക്കൊണ്ട് ഗവർണർ രാഷ്ട്രീയത്തിനതീതമായി ഉചിതമായ തീരുമാനം കൈക്കൊണ്ട് ജനാധിപത്യംകാത്തു സൂക്ഷിക്കാൻ എന്നും നിലകൊള്ളണം.



ചെറുകഥ



**പ്രതാപൻ കാട്ടാക്കട**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്



# അവൻ

അവൻ അവൾക്ക് എല്ലാമായിരുന്നു.
അവൻ അവർക്ക് കാഴ്ചയും പ്രതീ
ക്ഷയുമായിരുന്നു
അവൻ അവർക്ക് വഴികാട്ടിയും
തണലുമായിരുന്നു ! അവർ
അവന്റെ സ്വപ്നങ്ങളും

അവനെ അവൻ വിളിച്ചു, കുതറി
മാറിയ അവനോട് ചിരിച്ചുകൊണ്ട്
അവൻ പറഞ്ഞു
നീ അവർക്ക് കണ്ണീരും, ഓർമ്മയും,
മറവിയുമാകും

ലേഖനം



**രാമചന്ദ്രൻ നായർ**
ക്ലറിക്കൽ അസിസ്റ്റന്റ്
പൊതുഭരണ വകുപ്പ്

# എൻഡോസൾ

**യുദ്ധസമയത്ത് വിയറ്റ്നാമിലുപയോഗിച്ച ഏജന്റ് ഓറഞ്ചിന്റെ അറ്റോമിക ഘടനയിൽ ചെറിയ മാറ്റം വരുത്തിയതാണ് എൻഡ്രിൻ. ഈ സാധനം നിരോധിക്കപ്പെട്ടതോടെയാണ് എന്റോസൾഫാനായി രൂപം മാറിയെത്തിയത്.**



# ഫാൻ



സ്വാതന്ത്ര്യാനന്തര കാലത്ത് കേരളത്തിലെ വനംവകുപ്പ് കാസർഗോഡ് ജില്ലയിലെ ചീമേനി, രാജപുരം, മുളയാർ , കാടകം പ്ലാച്ചിക്കര , രാജപുരം പെരിയ , കാറഡുക്ക, എൻമകജെ എന്നീ സ്ഥലങ്ങളിലെ മഹാഗണിയുടെയും തേക്കിന്റെയും തോട്ടങ്ങൾ നിന്ന് അയ്യായിരം ഹെക്ടർ സ്ഥലം

കശുമാവിൻ തോട്ടമുണ്ടാക്കാനായി പുതുതായി രൂപീകരിച്ച പ്ലാന്റേഷൻ കോർപറേഷന് വിട്ടു നല്കി. മരങ്ങൾ മുറിക്കുന്നതിൽ പ്രതിഷേധിച്ച പ്രകൃതി സ്നേഹികൾ അന്നത്തെ മുഖ്യമന്ത്രി AK ആന്റണിക്ക് കത്തെഴുതി. അന്ന് ക്ലിയർ ഫെല്ലിംഗിൽ നിന്ന് തത്ക്കാലം രക്ഷപ്പെട്ടെങ്കിലും അതിന് വലിയ ആയുസില്ലായിരിന്നു.

കശുമാവ് തോട്ടം നിലവിൽ വന്നു. വിളവ് നശിപ്പിക്കുന്ന പ്രാണികളെ തുരത്താൻ കീടനാശിനികൾ വേണ്ടി വന്നു.

1976 ൽ പെഡ്രേ വില്ലേജിലെ കശുമാവിൻ തോട്ടത്തിലാണ് ആദ്യമായി എൻഡോസൾഫാൻ പരീക്ഷണാടിസ്ഥാനത്തിൽ തളിക്കാൻ തുടങ്ങിയത്. അതിന് മുമ്പ് എൻഡ്രിൻ എന്ന വിഷമാണ് ഉപയോഗിച്ചിരിന്നത്.



യുദ്ധസമയത്ത് വിയറ്റ്നാമിലുപയോഗിച്ച ഏജന്റ് ഓറഞ്ചിന്റെ അറ്റോമിക ഘടനയിൽ ചെറിയ മാറ്റം വരുത്തിയതാണ് എൻഡ്രിൻ. ഈ സാധനം നിരോധിക്കപ്പെട്ടതോടെയാണ് എൻഡോസൾഫാനായി രൂപം മാറിയെത്തിയത്.

ഈ വിഷം ആകാശമാർഗ്ഗം സ്പ്രേ ചെയ്ത കാരണത്താൽ തോട്ടങ്ങളിൽ മാത്രമല്ല പ്രദേശത്തെ കുടിവെള്ള സ്രോതസും മാരകമായി.

വിഷം കലർന്ന കുടി വെള്ളത്തിലൂടെ രോഗികളായി തീരുന്ന ആയിരക്കണക്കിന് മനുഷ്യരുടെ അകാല മരണങ്ങൾ എങ്ങും രേഖപ്പെടുത്താതെ പോയി.

1999 മുതലാണ് വിഷബാധയുടെ ദുരന്തങ്ങൾ അറിഞ്ഞു തുടങ്ങിയത്. വൈകല്യങ്ങളോടെ ജനിക്കുന്ന കന്നുകാലികളെ ശ്രദ്ധിച്ച മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരാണ് ആദ്യമായി സംശയം പ്രകടിപ്പിച്ചത്.

ആശുപത്രികളിലെത്തുന്ന ആളുകളുടെ അനിതരസാധാരണമായ പ്രത്യേകതകൾ ശ്രദ്ധിക്കുകയും അതിന്റെ കാരണം എൻഡോസൾഫാൻ വിഷപ്രയോഗമാണെന്ന് തിരിച്ചറിയുകയും ചെയ്തു. അതോടെ അതിനെതിരായ പ്രതിഷേധം ക്രമേണ പ്രതിരോധമായി.

അതോടെ എൻഡോസൾഫാൻ സ്പ്രേ പ്രൊട്ടസ്റ്റ് ആക്ഷൻ കമ്മിറ്റി പ്രാദേശികമായി രൂപം

കൊണ്ടു . അവർ ഈ മാരക വിഷത്തിന്റെ ഭീകരാവസ്ഥയെക്കുറിച്ച് പുറം ലോകത്തെ അറിയിച്ചു. ഭരണകൂട ഭീകരതക്കെതിരായവരുടെ ജീവിക്കാനുള്ള അവകാശത്തിനായി നിരന്തര സമരം ചെയ്തു.

ഇതിനിടെ കൃഷി വകുപ്പിലെ തന്നെ ഉദ്യോഗസ്ഥയായ ലീലാകുമാരി അമ്മ തന്റെ സഹോദരന്റെ മരണം എൻഡോസൾഫാൻ കാരണമാണെന്ന് പറഞ്ഞ് പ്ലാന്റേഷൻ കോർപ്പറേഷനെതിരായി കേസ് ഫയൽ ചെയ്തു. അതിൻ പ്രകാരം പെരിയ ഏരിയയിൽ എൻഡോസൾഫാൻ തളിക്കുന്നത് കോടതി നിരോധിച്ചു. ഇതിനെ പ്രതിരോധിച്ചു കൊണ്ട് കമ്പനി സ്റ്റേ വാങ്ങിയെങ്കിലും 2001 ൽ കാസർക്കോട്ടെ കശുമാവിൽ തോട്ടത്തിൽ എന്റോസൾഫാൻ പൂർണ്ണമായും നിരോധിക്കപ്പെട്ടു. 2002 ൽ കേരളത്തിൽ അത് കേരളത്തിൽ ഉപയോഗിക്കാൻ പാടില്ലെന്ന് ഹൈക്കോടതി ഉത്തരവിറക്കി. രസമതല്ല, 2010 ൽ സ്റ്റോക്ഹോമിൽ നടന്ന ആഗോള കോൺഫറസിൽ എൻഡോസൾഫാൻ കൊടും വിഷ പട്ടികയിൽപ്പെടുത്താൻ ആവശ്യമുയർന്നപ്പോൾ അതിനെ എതിർത്ത ഒരേ ഒരു രാജ്യം ഇന്ത്യയായിരിന്നു.!

എൻഡോസൾഫാന്റെ ഇരകൾക്ക് സംരക്ഷണം പ്രഖ്യാപിക്കുയും ഉത്തരവാദിത്വം ഭരണകൂടത്തിനാണെന്ന് പ്രഖ്യാപിച്ച ശ്രീ.വി.എസ് അച്യുതാനന്ദൻ മുഖ്യമന്ത്രിയായ ശേഷം അതിന് വേണ്ടി കാര്യമായി ഒന്നും ചെയ്തില്ല. മാത്രവുമല്ല, എൻഡോസൾഫാൻ മൂലം കാസർകോട്ട് ആരും മരിച്ചിട്ടില്ലെന്ന് നിയമസഭാചോദ്യത്തിന് വി.എസ് മന്ത്രി സഭയിലെ കൃഷി മന്ത്രി മറുപടി നൽകി അവരെ ആക്ഷേപിക്കുയുമുണ്ടായി.

കാസർകോട്ടെ എൻഡോസൾഫാൻ ദുരിതത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും , അംഗഭംഗം വന്നവർക്ക്







3 ലക്ഷം രൂപയും ആജീവനാന്ത സൗജന്യ ചികിസയും നൽകണമെന്ന് 2017 ൽ സുപ്രീം കോടതി ഉത്തരവിട്ടു. അത് ദുരിത ബാധിതർക്ക് പൂർണമായും ലഭിച്ചില്ല എന്നത് മാത്രമല്ല, സാങ്കേതികകാര്യങ്ങൾ പറഞ്ഞ് ഭൂരിഭാഗം പേർക്കും ലഭിക്കാറുമില്ല .

6727പേർക്ക് നഷ്ടപരിഹാരം കൊടുക്കാൻ സുപ്രീം കോടതി ഉത്തരവിട്ടപ്പോൾ 3717 പേർക്ക് ഒരു രൂപ പോലും ലഭിക്കാത്ത സാഹചര്യമെന്നതാണ് യാഥാർത്ഥ്യം.

വീടില്ലാത്ത ദുരിത ബാധിതർക്ക് സാഫല്യം പദ്ധതിയിൽ ഉൾപ്പെടുത്തി സായി ട്രസ്റ്റ് വീട് നിർമ്മിച്ചിട്ട് 3 വർഷമായി. വീടുകൾ വിതരണം ചെയ്യാതെ നശിക്കുന്നത് 50 എണ്ണമെന്നത് ആരെയും അത്ഭുതപ്പെടുത്തുന്നതാണ്.

ഏറ്റവും കൂടുതൽ രോഗികളായ ന്യൂറോചികിത്സിക്കാൻ നല്ലൊരു ആശുപത്രി പോലുമില്ല. മാത്രവുമല്ല ന്യൂറോളജിസ്റ്റില്ലാത്ത സർക്കാരാശുപത്രി എന്ന 'ഖ്യാതി ' കാസർഗോഡിന് സ്വന്തവുമാണ്.

ചികിത്സ തേടാൻ ഒന്നുകിൽ 100 കിലോമീറ്റർ അകലെയുള്ള കണ്ണൂർ മെഡിക്കൽ കോളേജിലോ മംഗലാപുരത്തോപോകണം. അതൊഴിവാക്കാൻ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും മതിയായ ചികിത്സയില്ല. കൂടാതെ കിട്ടിക്കൊണ്ടിരിന്ന നാമമാത്ര പെൻഷൻ പോലും 5 മാസമായി ലഭിക്കുന്നുമില്ല. അതാണ് ഇപ്പോഴത്തെ വിഷയം.

22 വർഷം മുമ്പ് എൻഡോസൾഫാൻ നിർത്തിയെങ്കിലും ജനിതക തകരാറുമായി ജനിക്കുന്ന കുഞ്ഞുങ്ങൾ ഇപ്പോഴുമുണ്ടെന്നത് രോഗപീഡകൾ അവസാനിച്ചില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്.

ഇരുനൂറ് കോടി രൂപ ദുരിതബാധിതർക്ക് സർക്കാർ മാറ്റിവച്ചതായി പ്രഖ്യാപിച്ചതല്ലാതെ ആർക്കും വിതരണം ചെയ്തിട്ടില്ല.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച അടിയന്തിര സാമ്പത്തിക സഹായം ലിസ്റ്റിൽപ്പെട്ടവർക്ക് നൽകുന്നതിനും കട ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനും , മതിയായ ചികിത്സക്ക് വേണ്ടി ജില്ലാ ആശുപത്രിയിൽ ന്യൂറോളജസ്റ്റിനെ പോസ്റ്റ് ചെയ്യുമെന്നും, ദുരിതബാധിതരെ കണ്ടെത്തുന്നതിന് മെഡിക്കൽ ക്യാമ്പ് അഞ്ചു സ്ഥലങ്ങളിൽ നടത്തുമെന്നും , എൻഡോസൾഫാൻ ദുരിതരായ കുട്ടികളെയും അമ്മമാരെയും പുനരധിവസിപ്പിക്കുന്നതിന്റ റീഹാബിലിറ്റേഷൻ വില്ലേജ് ഏർപ്പെടുത്തുമെന്നും, അവരെ BPL ലിസ്റ്റിൽ പ്പെടുത്തുമെന്നു സർക്കാർ സമരസമിതിയുമായുള്ള കരാറിൽ വ്യക്തമായി പറഞ്ഞിരിന്നു.

ഒരു മെഡിക്കൽ ക്യാമ്പ് നടത്തിയതിനപ്പുറം ഒന്നും സംഭവിച്ചില്ല. അതിനാണ് നിരവധി സമരങ്ങൾ നടത്തിയിട്ടും ഫലമില്ലാതായതിനാൽ ദയാബായി വിഷയം ഏറ്റെടുത്തത്.

തങ്ങളുടെതല്ലാത്ത കാരണങ്ങളാൽ എൻഡോസൾഫാൻ എന്ന നിശബ്ദ കൊലയാളിയിൽ നിന്നുണ്ടായ ദുരിതമായതിനാൽ അവരെ ചേർത്ത് പിടിക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്.

കവിത



**ഷർമിള സി. നായർ**
അഡീഷണൽ സെക്രട്ടറി
പൊതുഭരണ വകുപ്പ്

# പിൻവിളി



ജിബ്രാന്റെ പ്രണയ സങ്കല്പവും,
ദസ്തയോവസ്കിയുടെ ജീവിതത്തിലെ
സ്ത്രീസാന്നിധ്യവും
പറഞ്ഞേറെ തർക്കിച്ചിരുന്ന
നാട്ടുവഴിയോരത്തിലെ
സന്ധ്യകളിലെന്നോ
അവനവളെയോ അവൾക്കവനെയോ
നഷ്ടപ്പെടുത്താനാവില്ലെന്ന്
അവർ തിരിച്ചറിഞ്ഞിരുന്നു..

എന്നിട്ടും
നഷ്ടങ്ങളുടെ പട്ടികയിൽ അവർ
സ്വയം എഴുതിച്ചേർത്തു..
അതേ, ചില പ്രണയങ്ങൾ
നമ്മളറിയാതഴിഞ്ഞുപോകുന്നു.

പക്ഷേ,
അകലങ്ങളിലിരിക്കുമ്പോഴും
ദിവസത്തിന്റെ തിരക്കുകൾക്കിടയി-
ലെപ്പോഴൊക്കെയോ
അവനെന്തു ചെയ്യുകയായിരിക്കുമെന്ന്
അവളും
തന്നെയവളോർത്തിട്ടുണ്ടാവുമോയെന്ന്
അവനും
വെറുതേ വ്യാകുലപ്പെട്ടിരുന്നു..

പതിറ്റാണ്ടുകൾക്കിപ്പുറം
വീണ്ടുമാ നാട്ടുവഴിയോരത്തൊരുനാൾ
കണ്ടുമുട്ടിയപ്പോഴോ
പഴയപോലെ തന്നെ
പറയുവാനോർത്തുവച്ചതെല്ലാം മറന്ന്
തെല്ലിട പരസ്പരം നോക്കിയവർ..
ഒരു നിമിഷം
അവളറിയാതുള്ളിൽനിന്നൊരു
പെൺകുട്ടി പുറത്തിറങ്ങുന്നു..
അവനോ
ഭൂതകാലത്തിലേക്ക് ഒരപ്പൂപ്പൻതാടി
പറത്തി വിടുന്നു..
ഒരുമാത്ര പഴയ പ്രണയിതാക്കളായി
അവർ പുനരവതരിക്കുന്നു..
(ഇപ്പോൾ എന്നെപ്പോലെ നിങ്ങളും
അവർക്കൊപ്പം സഞ്ചാരം തുടങ്ങുന്നു)

പക്ഷേ,
എത്രതിടുക്കത്തിലാണവർ
സൗഹൃദത്തിന്റെ മുഖംമൂടിയണിയുന്നത്..!
പിന്നെ,
ആഭിചാരക്കൊലയും
സ്വർണ്ണക്കടത്തും
ചർച്ചചെയ്തങ്ങനെ..

ഒടുവിൽ,
കാണുമോയിനിയെന്നവനോ
കാണാമിനിയെന്നവളോ
പറയാതിരുവഴി പിരിയവെ
ഭൂതകാലത്തിലെവിടെയോ
ബോധപൂർവ്വം ഉപേക്ഷിച്ച
പ്രണയത്തിന്റെ പിൻവിളി
കേട്ടവരൊരു മാത്ര
തിരിഞ്ഞു നിൽക്കുന്നു...

പ്രണയം പെയ്ത മനസ്സുകളിൽ
സൗഹൃദത്തിന്റെ വിത്ത്
മുളയ്ക്കില്ലെന്നാരോ....

കഥ



ഗോപി പുറക്കാടൻ

# കൂടൊഴിയൽ



എന്തു നാശമാണിത്, എത്ര ഹോണടിച്ചിട്ടും ഈ കുരുപ്പുകൾ വഴി മാറുന്നില്ലല്ലോ?

നീണ്ട ഹോണടിയും അജിയുടെ ഉച്ചത്തിലുള്ള ശബ്ദവും കേട്ടിട്ടാണ് രാജീവൻ ഉണർന്നത് .പെട്ടന്ന് ബ്രേക്ക് ചെയ്തിട്ടു,

മുന്നോട്ടാഞ്ഞെങ്കിലും മൂന്ന് പേർ കയറിയ ബൈക്കിനെ വെട്ടിയൊഴിഞ്ഞു കാർ സാവധാനം മുന്നോട്ടു ചലിച്ചു. പുറം കാഴ്ച്ചകളിലെ പരിചിതമായ സ്ഥലങ്ങളിൽ അന്യഥാബോധം നിഴലായി പതിക്കുന്നു.

എന്താ അജിയേട്ടാ .....? ആശങ്കയോടെ രാജീവൻ തിരക്കി.

എന്തു ചെയ്യാനാ, ഈ വികൃതിപിള്ളേർ രാവിലെ തന്നെ ഇടങ്ങേറാക്കാൻ ഓരോ ബൈക്കുകളുമായി ഇറങ്ങികൊള്ളും, എന്നിട്ട് കാറിന്റെ മുന്നിൽ കിടന്ന് അഭ്യാസവും. പുറകിലേക്ക് , രാജീവനെ നോക്കാതെ ശ്രദ്ധയോടെ മുന്നോട്ട് കാർ പായിക്കുന്നതിനിടയിൽ അജി പിറുപിറുത്തു . വലതു ടയർ ഒരു കല്ലിൽ കയറിയതും കാർ ഇടത്തേക്ക് ഒന്നുലഞ്ഞു. ചെന്നു വീണത് ഒരു കുഴിയിലാണങ്കിലും ആയാസമില്ലാതെ രാജീവൻ ഒന്ന് നിവർന്നിരുന്നു.

മോനുറങ്ങിയത് കാരണമാ പാട്ട് നിർത്തിയത്. കാറിന്റെ ഇരമ്പലിനൊപ്പം അജിയുടെ ശബ്ദവും തേടിയെത്തി.

ഇനി ഉറങ്ങിയില്ലെങ്കിലും കുഴപ്പമില്ല.... സ്റ്റീരിയോ ഓൺ ചെയ്തോളൂ, ഇല്ലാച്ചാൽ

അജിയേട്ടന് ബോറാവും. ബാഗിൽ നിന്നെടുത്ത കുപ്പിയിലെ വെള്ളം ഒരിറക്ക് കുടിച്ചു.

ആഹാ നരകയറി തുടങ്ങിയെല്ലോ അജിയേട്ടാ ! രാജീവന്റെ കമന്റിനെ ചിരിച്ചു കൊണ്ട് അജിയേട്ടൻ സ്റ്റീരിയോ ഓൺ ചെയ്തപ്പോൾ ഭാവഗായകന്റെ മധുരശബ്ദം കാതിലേക്ക് ഒഴുകിയെത്തി. ഗ്രാമ വിശുദ്ധിയുടെ ശുദ്ധവായു ശ്വസിക്കാൻ ഗ്ലാസ്സ് കുറച്ചു തഴ്ത്തി വെച്ചു .

പക്ഷേ ഇന്ന് പാട്ടും കാഴ്ച്ചകളും സന്തോഷം തരുന്നില്ലെന്ന് രാജീവൻ ഓർത്തു .

നെഞ്ചിൽ വല്ലാത്ത ഒരുകനം, ഒരു കുറുകൽ !. ഓടിയും ചാടിയും കുട്ടിക്കരണം മറിഞ്ഞും കണ്ട വഴിത്താരകളിലേക്ക് വണ്ടി കുതിച്ചു. പ്രായമേറേ ചെന്നിട്ടും പിടിവാശിക്കും തന്നിഷ്ടത്തിനും കുറവില്ലാത്ത അച്ഛനാണ് മുന്നിൽ. രാജീവനെന്താണ് ഒറ്റയക്ക് , രേവതിയും കുട്ട്യോളും ഇല്ലാതെ ? വീട്ടിലെ പ്രശ്ന പരിഹാരമാണോ ? ശ്രദ്ധാപൂർവ്വമാണ് ഡ്രൈവ് ചെയ്യുന്നതെങ്കിലും രാജീവനുമായുള്ള ബന്ധത്തിന്റെ അധികാര ഭാവത്തിൽ അജി കാര്യത്തിലേക്ക് കടന്നു.

അപ്പോൾ അച്ഛൻ ഉണ്ടാക്കിയ പുകിൽ അജിയേട്ടനും അറിഞ്ഞിട്ടുണ്ട്..!

സഹോദരിമാരുടേയും അച്ഛന്റേയും കുടുംബ സ്വത്ത് പരിഹരിക്കാനാണ് ഹൈദ്രാബാദിലെ തിരക്കിൽ നിന്നും രാജീവൻ നാട്ടിലേക്ക് പുറപ്പെട്ടത്. യാത്രയിലുടനീളം എങ്ങനെ ഈ പ്രശ്നത്തെ അഭിമുഖികരിക്കുമെന്ന് ഒരെത്തും പിടിയും കിട്ടാതെയാണ് രാജീവന്റെ വരവ്.

ചേച്ചിമാരുടെ സ്വത്ത് തർക്കം പരിഹരിക്കണം. അവരുടെ അവകാശം ന്യായമാണ്! പരിഹാരം രാജീവന്റെ കൈയ്യിലാണെന്നാണ് അവരുടെ പക്ഷം, പക്ഷേ എങ്ങനെ ?

ഏഴു വർഷത്തിനു ശേഷമാണ് രാജീവൻ നാട്ടിലേക്ക് വരുന്നത് . അതും അമ്മയുടെ ശ്രാദ്ധമൂട്ടിന്. പിന്നിലേക്ക് ഓടി മറയുന്ന വൃക്ഷങ്ങളിലേക്ക് നോക്കിയിരിക്കുമ്പോൾ അച്ഛന്റെ മുഖം അയാളുടെ ഓർമ്മയിൽ തെളിഞ്ഞു . ഒളിസംബന്ധത്തിന്റെ ഈ തിരുശേഷിപ്പ്കാരന് എന്ത് പരിഹാരം കാണാൻ പറ്റും.!

ഓർമ്മയിലേക്ക് സ്ഫുടം ചെയ്ത ചിത്രങ്ങൾ മിന്നിമറയുന്നു. കുട്ടിക്കാലത്ത് ചേച്ചിമാർ മൂന്നുപേരും അച്ഛൻ കാൺകെ തന്നെ എടുത്തിട്ടുകൂടിയില്ല! . എന്നാൽ അച്ഛനില്ലെങ്കിൽ



താഴെയും വെക്കില്ല. ആദ്യ മൊന്നും അതിന്റെ പൊരുളറി ഞ്ഞില്ല. അഞ്ചാം ക്ലാസ്സിൽ പ ഠിക്കുമ്പോൾ ചേച്ചിമാരുമായി തല്ലു കൂടിയപ്പോഴാണ് കഥയു ടെ ചുരുളഴിയുന്നത്.

അന്നൊരു ഞായറാഴ്ചയാ യിരുന്നു. എന്തോ കുരുത്തക്കേ ടിന് അമ്മതല്ലിയപ്പോൾ കൈ യ്യിൽ കിട്ടിയ പാത്രം എടുത്ത് എറിഞ്ഞുടച്ചു. പെട്ടെന്നാണ് അമ്മയുടെ സകല നിയന്ത്രണ വും നഷ്ടപ്പെട്ടത്. തന്തയുടെ അതേ ഗുണം ! എത്ര സ് നേഹിച്ചാലും നന്ദിയില്ലാത്ത ജന്മം! എന്റെ വയറ്റിൽ തന്നെ പിറന്നല്ലോ ഈശ്വരാ, മുടി യാനായി. എന്റെ ജീവിതവും പാഴായി. നാശം!

ഇടയ്ക്കിടെ അമ്മ ശകാരി ക്കുമെങ്കിലും ഇത്രയും കേൾ ക്കുന്നത് ആദ്യമായിട്ടായിരു ന്നു. ഉച്ചയ്ക്ക് വിളമ്പി വെച്ച ആഹാരം കഴിക്കാൻ അമ്മ നിർ ബന്ധിച്ചെങ്കിലും കൂട്ടാക്കാതെ കിഴക്കേ പറമ്പിലെ മൂവാണ്ടൻ മാവിന്റെ ഉയർന്ന വേരിൽ തല വെച്ചു കിടന്നു. തണൽ പറ്റി എത്രനേരം കിടന്നിട്ടുണ്ടാവും ?. വെയിലേറ്റില്ലായിരുന്നെങ്കിൽ മൂവന്തി വരെ ഒറ്റ കിടപ്പ് മതി യായിരുന്നു.

അച്ഛൻ നട്ടുനനച്ചു വളർ ത്തിയ വെള്ളരിയേയും പടവ ലത്തിനേയും കിടന്നു കൊ ണ്ടുതന്നെ കല്ലെടുത്തെറിഞ്ഞു കേടു വരുത്തി. അതിൽ ചിലത് ഞെട്ടറ്റ് നിലം പതിച്ചു. ഏറു കൊണ്ടു വീഴുന്ന വെള്ളരിയും പടവലവുമെല്ലാം ആ സമയങ്ങ ളിൽ അച്ഛനും അമ്മയുമായി .അത്രക്കുണ്ടായിരുന്നു ഇരു വരോടുമുള്ള ദേഷ്യം. ചില കല്ലുകൾ ലക്ഷ്യം തെറ്റി കുള ത്തിൽ പതിച്ചു. തിലോപ്പിയും ചെമ്പല്ലിയും ആമയും കാരി യും കുത്തിമറിഞ്ഞും മുങ്ങാം കുഴിയിട്ടും തത്തി കളിക്കുന്നു ണ്ട്.

എന്നെ കാണാഞ്ഞിട്ടാവും ചക്കി പൂച്ച കുറെ നേരം എനി ക്കൊപ്പം കഴിഞ്ഞെങ്കിലും വിശ പ്പും ദാഹവും കാരണം കുറെ നേരം അതു പിറുപിറുത്തു നിന്നു. വിശപ്പ് സഹിക്കാൻ പറ്റാതെ കുറെ ശകാരവും ചൊരിഞ്ഞു അതും പോയി.

ഇടയ്ക്ക് കുഞ്ഞേച്ചി അരി കിലിരുന്ന് ആശ്വസിപ്പിച്ചപ്പോ ഴും മനസ്സിൽ കനലെരിയു ന്നുണ്ടായിരുന്നു. ഒടുവിൽ വിശപ്പിന്റെ കത്തലിൽ സമാ ശ്വസത്തിന്റെ വാക്കുകളിൽ രാജീവൻ സന്ധിചെയ്യുമ്പോൾ സൂര്യൻ അന്തി നിദ്രയ്ക്കായി കടലിൽ താഴാൻ തുടങ്ങിയിരു ന്നു.

എല്ലാവരും ആ സംഭവം മറന്നെങ്കിലും അതിന്റെ വടു ക്കൾ രാജീവൻെറ മനസ്സിൽ അവശേഷിച്ചു. ഈ വീട്ടിൽ ആരുമല്ല എന്ന തോന്നൽ മനസ്സിനെ വല്ലാതെ മഥിച്ചു. ആടിയുറയ്ക്കാത്ത കാലുക ളിൽ അന്തി പാർക്കാൻ വരുന്ന അച്ഛൻ ,ചെരിപ്പിന്റെ വാറഴിച്ചു അമ്മയോടു എന്തോ പറഞ്ഞു മുറിയിൽ കയറുന്നു. ഇനി ഇറ ങ്ങി വരാൻ സാധ്യത കുറവാ. അഥവാ വന്നാൽ അത് അമ്മ യുടെ മുടിക്ക് കുത്തിപ്പിടിച്ചു ശാപ വാക്കുകൾ പറയാൻവേ ണ്ടി മാത്രമായിരിക്കും അത് . അമ്മയോടു ചേർന്ന് കിടന്ന രാവുകളിൽ മാറുനനഞ്ഞൊഴു കിയത് ശാപ കണ്ണീരായിരിക്കു മോ ? അച്ഛൻ വീട്ടിലുള്ളപ്പോൾ ഒച്ചയുണ്ടാക്കരുതെന്ന് കുഞ്ഞേ ച്ചി പറഞ്ഞത് അച്ഛനെ ഭയന്നി ട്ടാവുമോ ?

ചേച്ചിമാരുടെ ഇടയിൽ ഇറുകെ പുണർന്ന സ്വരക്ഷിത ത്വതിന്റെ കര സ്പർശത്തിൽ കിടന്ന അന്നാണ് രാജീവൻ ജന്മം കൊണ്ട കഥ പുറത്ത് വരുന്നത്. ഭർത്താവുമായി പൊരുത്തപ്പെടാൻ കഴിയാതെ

രണ്ടു പെൺകുഞ്ഞുങ്ങളുമായി തറവാട്ടിൽ വന്നു കയറിയതു മുതൽ അമ്മയുടെ യാതന കൾക്കും മുടക്കമില്ലാതെയാ യി.. സർക്കാർ ആശുപത്രി യിൽ ജോലിയുള്ളതായിരുന്നു അമ്മയുടെ ഏക ആശ്വാസം അ. പലപ്പോഴും പുലർകാലത്ത് പോവേണ്ടി വരുമ്പോൾ ‘രാമ ചന്ദ്രനെ കൂടെ കൂട്ടിക്കോളൂ കുട്ട്യേ’.... എന്ന് ഉപദേശിച്ചത് അമ്മാമ ആയിരുന്നു. രാമച ന്ദ്രൻ !

അമ്മയുടെ അമ്മാവന്റെ മകൻ, മുറച്ചെറുക്കൻ. കൂടെ പ ഠിച്ചവനെങ്കിലും അമ്മയേക്കാൾ ചെറുപ്പം. തൊഴിൽ പൊതുപ്ര വർത്തനം ! അങ്ങനെ രാമച ന്ദ്രൻ അമ്മയുടെ പുലർകാല യാത്രകളിൽ തുണയായി. ഇടവപ്പാതിയിലെ കോരിച്ചൊ രിയുന്ന മഴയിലും ധനുമാസ ത്തിലെ തണുത്ത പുലർവേള കളിലും ചേർന്നും ചേർത്തും നടത്തിയപ്പോൾ , കുതറി മാ റാൻ പറ്റാത്തവിധം അടക്കിപി ടിച്ചു ചേർത്തിരുന്നു. അമ്മയും അറിയാതെയെങ്കിലും ആ കര വലയത്തിന്റെ സുരക്ഷിതത്വം ആശിച്ചുകാണണം!

എന്നാൽ അതിന്റെ പിന്നിൽ പതിയിരുന്ന മൃഗത്തിന്റെ മു രൾച്ച അറിയാൻ കഴിയാതി രുന്നതിന് അമ്മയ്ക്ക് വലിയ വില തന്നെ നൽകേണ്ടി വന്നു. മുറച്ചെറുക്കൻ അറിഞ്ഞും അറിയിച്ചും പകർന്നു കൊ ടുത്ത ചൂടിൽ പുതുനാമ്പ് മുളയിടാൻ അടുത്ത മഴക്കാലം വരെ കാത്തിരിക്കേണ്ടി വന്നില്ല. തുണയായി കൂട്ടുവന്നവൻ പുടവ കൊടുക്കാത്ത വീട്ടുകാ രനായി, അധികാരിയായി .

മൂടിവെച്ചതു പുറത്തുവന്ന പ്പോൾ തന്തയുമായി. അധികാ രത്തിന്റെ രേഖകൾ കൈവെള്ള യിൽ ചാർത്തി കിട്ടിയപ്പോൾ തനിനിറം പുറത്തുവന്നു . ജോ

ലിയും കൂലിയും ഇല്ലെങ്കിലും ഭാര്യയുടെ ശമ്പളത്തിന് തല നാരിഴകീറി കണക്ക് പറഞ്ഞു വഴക്കുണ്ടാക്കൽ സ്ഥിരമായി . ചേച്ചിമാരേയും അമ്മയേയും തൊട്ടതിനുപിടിച്ചതിനും അധികാരത്തോടെ ശാസിക്കാനും ശിക്ഷിക്കാനും തുടങ്ങി.

ഡയറിയും കക്ഷത്ത് വെച്ചു നാട്ടിൽ തെക്കുവടക്കു നടന്നിരുന്നയാൾ അമ്മയുടെ ശരീരത്തിന്റേയും ശമ്പളത്തിന്റേയും ഞങ്ങളുടേയും സർവാധികാരിയായി. അതോടെ ചേച്ചിമാർ പിന്നണിയിൽ ഒതുങ്ങി. മുറുമുറുപ്പുകളും അസ്വാരസ്യങ്ങളും അച്ഛൻ നിർദ്ദയം അടിച്ചമർത്തുകയോ, അവഗണിക്കുകയോ ചെയ്യ്തു.

ചിട്ടിപിടിച്ചും കടം വാങ്ങിയും ഓഹരി വസ്തുവിൽ അമ്മ ഒരു വീട് വെച്ചത് അച്ഛന്റെ പേരിലാക്കി കൊടുക്കാൻ കൊടിയ പീഡനങ്ങൾ , എത്ര ദിന രാത്രികളിൽ കടന്നുപോയിട്ടുണ്ടാവുമെന്ന് ഉറക്കമിളച്ച തനിക്കും അറിയില്ല.

ഒടുവിൽ അമ്മയുടെ സ്വഭാവ ശുദ്ധിയ്ക്ക് വരെ അച്ഛൻ വില പറഞ്ഞപ്പോൾ ഗത്യന്തരമില്ലാതെ പകുതി ഓഹരിയുടെ ഒത്തുതീർപ്പിന് അമ്മയ്ക്ക് വഴങ്ങേണ്ടിവന്നു .

കാലചക്രത്തിന്റെ പരിക്രമണത്തിൽ പകലിരവുകൾ കടന്നുപോയി. ജീവിത പ്രാരാബ്ദത്തിൽ അമ്മയുടെ ശരീരവും ശുഷ്ക്കമായി. പുതിയ പുതിയ കൂട്ടുകെട്ടിലും സംബന്ധം കൂടലിലും അച്ഛൻ ആനന്ദം കണ്ടെത്തി തുടങ്ങി. ഇതിനിടയിൽ സ്വന്തം പുത്രനെയടക്കം നിർദ്ദയം അവഗണിച്ചു. അസ്വാരസ്യങ്ങൾ കൂടുമ്പോൾ പുറം ലോകമറിയാതിരിക്കാൻ അമ്മ വീട്ടിലെ ടെലിവിഷനും റേഡിയോയും ശബ്ദം കൂട്ടി മറച്ചു പിടിച്ചു. ചേച്ചിമാരും അമ്മയും അച്ഛനെതിരെ ഒറ്റ ചരടായി നില കൊണ്ടതു പിൽക്കാല ചരിത്രത്തിന് താനും സാക്ഷിയായി.

കാലം കടന്നുപോകവെ അമ്മയുടെ പിടിവാശിയിലും ധൈര്യത്തിലും ചേച്ചിമാരുടെ വിവാഹം നടത്തിയെടുക്കാൻ കഴിഞ്ഞു. അതു തന്നെ മഹാകാര്യം! ജീവിതകാലം മുഴുവൻ അമ്മയുടെ ദു:ഖം തളംകെട്ടിയ മുഖം കണ്ടു വളർന്നതു കൊണ്ടാവാം , രാജീവന്റെ മനസ്സിലും

അച്ഛൻ കുടിയിറക്കപ്പെട്ടിരുന്നു. രാജീവന്റെ വിവാഹത്തോടെ ആയിരുന്നു അമ്മ അൽപമെങ്കിലും സന്തോഷവതിയായത്. താമസിക്കുന്ന വസ്തുവിൽ നിന്നും ഒളിസേവകാർക്ക് കുറച്ചു പകുത്തു നൽകാൻ അച്ഛൻ തുനിഞ്ഞപ്പോഴാണ് താനും പ്രതികരിച്ചതെന്ന് രാജീവനും ഓർത്തു. കാൽക്കാശിന് വകയില്ലെങ്കിലും എന്തിനാണ് അച്ഛൻ ഇനിയും ദുഷ്ടത്തരം ചെയ്യുന്നത് ?

ചില രോഗങ്ങൾ തല പൊക്കിയതോടെയാണ് തന്റെ ഒത്ത് തീർപ്പുകൾക്ക് അച്ഛൻ വിട്ടുവീഴ്ച്ചകൾക്ക് തയ്യാറാവുന്നത്. എങ്കിലും ഒളിബന്ധം ഒന്നാം സംബന്ധവും വീട് രണ്ടാം കുടിയുമായി. ജരാനര ബാധിച്ചെങ്കിലും പിടിവാശിക്കാരൻ ഇത്ര പെട്ടെന്ന് അയയുമെന്ന് കരുതിയില്ല. എനിക്കായി കരുതി വെച്ചതു കൂടി സഹോദരിമാർക്ക് നൽകി , എല്ലാം പറഞ്ഞുതീർത്ത് യാത്ര പറയുമ്പോഴും രാജീവന്റെ കൂടെവരാൻ ക്ഷണിക്കുമ്പോഴും തോൽവി സമ്മതിക്കാത്ത അതികായൻ അനങ്ങിയില്ല. സ്വാർത്ഥനാണെങ്കിലും ജന്മം തന്ന അച്ഛനാണല്ലോ. വഴിയമ്പലത്തിൽ ഉപേക്ഷിക്കാനാവില്ലല്ലോ......

എഴുപത്തിയഞ്ച് കഴിഞ്ഞ തന്നിഷ്ടക്കാരൻ അയഞ്ഞ മസിലുകളിൽ തോൾ ചലിപ്പിച്ചു ഒന്ന് നോക്കി. കവിളിൽ തൊലി ചുളിഞ്ഞത് വാർദ്ധക്യം വിളിച്ചറിയിക്കുന്നുണ്ട്. കൈലി മുണ്ടുടുത്ത് ഒറ്റ തോർത്തു കൊണ്ട് ശരീരം വീശിയാണിരിപ്പ്. ദാരിദ്രത്തിന്റെ വരവറിയിച്ച് പൊട്ടിയ ചെരിപ്പ് അരികിൽ കിടപ്പുണ്ട്. ഒന്നോ രണ്ടോ അന്വേഷണങ്ങളിൽ വിശേഷം തീർത്ത് ചാരു കസേരയിലേക്ക് ചാഞ്ഞു. തീർന്നു !. സ്വത്ത് ഭാഗീക്കാൻ വന്നവൻ മകനായാലും ശത്രു തന്നെ ! സഹോദരികൾക്കായി ഉള്ളതു വീതം വെക്കുമ്പോൾ അവരുടെ സ്നേഹ തുടിപ്പുകൾ രാജീവിനെ തഴുകുന്നുണ്ടായിരുന്നു.

ചക്രവാള സീമയിൽ സൂര്യൻ അന്തിത്തിരി കത്തിച്ച്, ഇരുട്ടു പടരവെ മടക്ക യാത്രക്കായുള്ള ഒരുക്കങ്ങളായി.

പുറംവരാന്തയിലെ കസേരയിൽ ഇരിക്കുമ്പോൾ തലമുടിയിൽ അമ്മ വിരലോടിക്കുന്നത് രാജീവൻ ഓർത്തു പോയി. വിണ്ണിലെ നക്ഷത്ര ചിരാതുകൾ കൺചിമ്മി തുറന്നു. ആകാശത്തിന്റെ അനന്തത്തിൽ നക്ഷത്രക്കൂട്ടങ്ങൾക്കിടയിൽ നിന്നും അമ്മ പുഞ്ചിരിക്കുന്നതായി തോന്നി. കടമകൾ നിർവ്വഹിച്ച സ്വസ്ഥിയിൽ അമ്മയ്ക്ക് സമാധാനമായി കാണും.

നാളെത്തന്നെ തിരിച്ചു പോകണം. അവിടെ രേവതിയും മക്കളും തനിച്ചാണ്. സ്വന്തബന്ധങ്ങൾ പറഞ്ഞ് തീർത്ത് വീതം കഴിച്ച് , ശ്യൂന്യമായ കൈകളുമായി ഇവിടെ അന്ന്യനായ താൻ അധികപറ്റാണന്ന് ഓർത്തു കൊണ്ട് അയാൾ യാത്രക്കുള്ള ഒരുക്കങ്ങൾ തുടങ്ങി !.

ലേഖനം

# സത്യമേവ ജയതേ





**അനിൽകുമാർ കെ. എം.**
ട്രഷറർ,
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

സത്യമേവ ജയതേ എന്ന ഭാരതത്തിൻറെ ആപ്ത വാക്യം പേറുന്ന ദേശീയ ചിഹ്നം ഉത്തർപ്രദേശിലെ വാരണാസിക്കടുത്തുള്ള സാരനാഥിൽ സ്ഥാപിച്ചിരിക്കുന്ന അശോകസ്തംഭത്തിൽ ദേവനാഗരി ലിപിയിലാണ്  ആ ലേഖനം ചെയ്തിരിക്കുന്നത് സത്യം മാത്രം എന്നും വിജയിക്കട്ടെഎന്നതാണ് ഇതിൻറെ കാതലായ മുദ്രാവാക്യം സത്യത്തിലും ധർമ്മത്തിലും അധിഷ്ഠിതമായ പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കാനുള്ള യാത്ര നീണ്ടതും, കഠിനവും ദുഷ്കരവുമായിരിക്കുമെങ്കിലും ആ വിജയം നിസ്തുലവും നിത്യസത്യവുമായിരിക്കും കപടമാർഗ്ഗത്തിലൂടെയുള്ള വിജയം വേഗത്തിൽ കരഗതമാകും അതേ വേഗത്തിൽ തന്നെ നഷ്ടപ്പെടുകയും നിത്യദുഖത്തിലാക്കുകയും ചെയ്യും മഹാത്മാഗാന്ധി തന്റെ ജീവിതത്തിലുടനീളം പ്രാവർത്തികമാക്കിയത്. നേരിന്റെ മാർഗമായിരുന്നു അതു കൊണ്ടു തന്നെ ഭാരതത്തിന്റെ ആ കെടാവിളക്കായ ആ മഹാത്മാവിന്റെ ആശയങ്ങൾ എന്നും ഈ ലോകത്ത് നിലനില്ക്കും എന്നതും ഒരു സത്യമാണ്.

വർത്തമാന കാലഘട്ടത്തിൽ സത്യം എന്നതിന്റെ പ്രസക്തി വളരെ വലുതാണ് ഒരു വ്യക്തിയുടെ വ്യക്തിത്വ വികസനം തുടങ്ങി സമസ്ത മേഖലയിലും അതിൻറെ പ്രാധാന്യം വളരെ വലുതാണ്.   . എന്നാൽ പുരാതനകാലം മുതൽ സത്യവും ധർമ്മവും നിലനിർത്തി ജീവിതം മുന്നോട്ടു നയിച്ചവരുടെ പാത പിന്തുടർന്നാണ് നാം കടന്നുവന്നത് എന്നതും സത്യം. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ എന്നും കൈപ്പേറിയ അനുഭവങ്ങളായാണ് അനുഭവപ്പെടാറുള്ളത് പക്ഷേ അത് ആദ്യം കയ്ക്കുമെങ്കിലും പിന്നെ ശാശ്വതമായ മധുരം പ്രധാനം ചെയ്യും  മനുഷ്യനുണ്ടായ കാലം മുതൽ തന്നെ നെറികേടിലും ചതിയിലൂടെയും അധികാരവും പദവിയും നേടുകയും സ്വ പ്രവർത്തിയിലൂടെ ക്ഷണനേരം കൊണ്ട് സർവ്വവും നശിച്ച് മണ്ണടിഞ്ഞു പോയവരുടെ ഒരായിരം കഥകൾ നമുക്കറിയാം അതിനൊരു ഉത്തമ ഉദാഹരണമാണ് മഹാഭാരതം ദേവന്മാരെ പോലെ ഇന്ദ്രപ്രസ്ഥത്തിൽ പരിലസിച്ച പാണ്ഡവന്മാരോട് അസൂയ മൂത്ത് കള്ളചൂതിലൂടെ എല്ലാംതട്ടിയെടുത്ത അഹങ്കാരത്തിന്റെ ആൾരൂപങ്ങളായി മാറിയ കൗരവർ സൂചി കുത്താൻ പോലും പാണ്ഡവർക്കിടം കൊടുക്കില്ലന്ന നിലപാടിലുറച്ച് നിന്നു മുതിർന്നവരുടെ മുന്നറിയിപ്പു അവഗണിച്ചുകൊണ്ട് ആ അഹങ്കാരികൾ സമാധാന ദൂതുമായി വന്ന കൃഷ്ണനെ പോലും ബന്ധനസ്ഥനാക്കാൻ നോക്കി പരസ്യമായി തന്റെ സമാധാന ദൗത്യം പരാജയപ്പെട്ട കൃഷ്ണൻ നീതിയുടെയും ധർമ്മത്തിന്റെയും തത്വങ്ങൾ ഉയർത്തിപ്പിടിക്കാൻ യുദ്ധം അനിവാര്യമാണെന്ന് അറിയിക്കുകയും പാണ്ഡവ പക്ഷത്ത് നിലകൊള്ളുകയും ചെയ്തു. സത്യവും ധർമ്മവും വിജയിച്ചു സത്യത്തെ തമസ്കരിക്കുന്നവരുടെ മനസ്സ് വികൃതവും അന്ധകാരം നിറഞ്ഞതും മായിരിക്കും സത്യമെന്നും സൂര്യനെ പോലെ ജ്വലിച്ച് നില്ക്കും പെരും നുണ കളുടെ ഗ്രഹണം തീർത്ത് അതിനെ മറച്ചു പിടിച്ചാലും അല്പ സമയത്തിനകം ആ നിഴലൽ നീക്കി അത് പുറത്ത് വന്ന് പൂർവാധികം ഭംഗിയായി പ്രശോഭിച്ച് നില്ക്കും **സത്യമേവ ജയതേ**

കവിത



രമണ്‍ ചരായയില്‍

# ആരാകണം

ആരാകണം നാമാരാകണം,
ആരാകണം എന്ന ചിന്ത
തന്നകതാരിലേക്കൊന്നു ചോദിച്ചിടു.
ആരാകണമെന്നതിനുത്തരം
തേടുന്നതിന്‍ മുമ്പേ
ആരാണ് താനെന്നറിഞ്ഞിടേണ്ടു
ആരാണ് താനെന്നറിഞ്ഞതില്‍ -
പിന്നതൂതിപ്പെരുക്കി
തേച്ചുമിനുക്കിയെടുക്കുമ്പോളേ -
ഉള്ളിലെ മുത്തിന്‍ തനിമയും
പെരുമയും അറിവതുള്ളൂ.
ആരാകിലും, എന്താകിലും
നാം മനുജനായി മാറിടേണം
മനുഷ്യഗുണം നമ്മില്‍ നിറഞ്ഞാലേ
മാനവത്വത്തിന്‍ മഹനീയമാകതുള്ളു.
മാനുഷികഭാവം പഴുതായ് പോകാതെ
മനുഷ്യനായ് മണ്ണില്‍ വളര്‍ന്നിടേണം
മനുജനായ് പിറക്കുകിലല്ല
മനുഷ്യത്വമാണതിന്‍ അളവുകോലും
മനുഷ്യത്വം മറന്നൊരക്കാല ചരിതങ്ങള്‍
മഹത്വമായോതുമ്പോഴും
കഥയറിയാതെ ആട്ടം കാണുന്നു
മൂഢരാം നമ്മളും
മനുജനായ് പിറന്നീടുകിലും
മനുഷ്യത്വമില്ലെങ്കിലുപ്പിന്‍ രസ-
മകന്ന കടല്‍ജലം പോല്‍ നമ്മളും
കാലം നമുക്കേകിയ നാമം
മനുഷ്യനെന്നാകുകില്‍,
മനുഷ്യത്വം നമ്മില്‍ ലയിച്ചിടേണ്ടു.
മനുഷ്യതമെന്നതോ, കേവല
വാക്ധോരണികളായ് മാറിടുന്നു.
പലതുമാകാന്‍ നാം ശ്രമിക്കുമെങ്കിലും
മനുഷ്യനാകാന്‍ മാത്രം ശ്രമിപ്പതില്ല.
സ്നേഹം കരുണ ദയ ദാനവും
പിന്നെ കര്‍ത്തവ്യ ബോധവും
നമ്മിലെ സിരകളിലൊഴുകുന്ന
പഞ്ചനദികളായ് തീര്‍ന്നിടേണം,
അതു തന്നെ മനുഷ്യത്വത്തില്‍ ആദ്യ തത്വവും
പ്രപഞ്ച സൃഷ്ടിയില്‍ സമര്‍ത്ഥരാം
മര്‍ത്ത്യ ജന്മം, സ്വാര്‍ത്ഥമല്ലാത്തതായ്
തീരവേ, സര്‍വ്വവും ഏക-
മെന്നറിഞ്ഞിടുമ്പോള്‍
ആരാണ് നാമെന്ന ബോധം
നമ്മില്‍ പ്രസരിച്ചിടും.
ആരാണ് നാമൊന്നൊരുള്‍ ചിന്ത
ബീജാങ്കുരിച്ചിടും അതു തന്നെ സത്യവും



POEM



**Theertha. R**
D/o Reeja. S
Sl.Gr. Confidential Assistant

# BOOK

Life is like a book
There will be hundreds with you
But it will always be lonely
Everyone has different stories to tell.

A library full of books
Every page having different words,
That define different things
Different books with different shades,
Different covers, different designs.

There will be one book,
Who goes unnoticed,
Its pages crying to be noticed
The book that wants to be loved.



# കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ ഭാരവാഹികൾ



എം. എസ്. ഇർഷാദ്
പ്രസിഡന്റ്



ബിനോദ്. കെ
ജനറൽ സെക്രട്ടറി



അനിൽ കുമാർ . ഡി
വൈസ് പ്രസിഡന്റ്



സുധീർ. എ
വൈസ് പ്രസിഡന്റ്



സൂസൻ ഗോപി
വൈസ് പ്രസിഡന്റ്



അനിൽകുമാർ കെ. എം.
ട്രഷറർ



ഗോവിന്ദ്. ജി. ആർ
സെക്രട്ടറി



ലതീഷ് എസ്. ധരൻ
സെക്രട്ടറി



റീജ. എൻ
സെക്രട്ടറി

# നിർവ്വാഹക സമിതി അംഗങ്ങൾ


അരുൺ എം.എസ്.


അജിത് സാം ജോൺസ്


ജെ. ജയകുമാർ


ജസീർ എം. എം.


ജയിംസ് മാത്യു


മീര എസ്.എസ്


രഞ്ജിഷ്കുമാർ. ആർ


സതീഷ് ബി.


സുനിൽകുമാർ. എസ്.


റെജി.എൻ


ഭാഗ്യതാര എം.ജി


ലിനിമോൾ പി. വി


ഹക്കിം ജി


രമേശൻ കെ


സുനിൽകുമാർ വി


സുനിൽ സി


അലക്സ് ടി. ആർ


സലിം വി


ഷിജു എസ്. എൽ


പ്രവീൺ എസ്.


ജേക്കബ് എസ്


ഷാഫി എ. എൻ

# കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ

## സരസ് 2022–23



**ജോസ്. വി. സി**
പ്രസിഡന്റ്



**അജേഷ് എം.**
സെക്രട്ടറി



**റിയാസ് എം.**
വൈസ് പ്രസിഡന്റ്



**സേവിയർ ഡി.**
വൈസ് പ്രസിഡന്റ്



**നൗഷാദ് എം.**
വൈസ് പ്രസിഡന്റ്



**രാമചന്ദ്രൻ നായർ. ആർ**
ട്രഷറർ



**രഖീഷ് കെ. ആർ**
ജോയിന്റ് സെക്രട്ടറി



**അജയകുമാർ വി. എസ്.**
ജോയിന്റ് സെക്രട്ടറി



**തുഷാർ എസ്.**
ജോയിന്റ് സെക്രട്ടറി



**രാജേഷ് ആർ**
ജോയിന്റ് സെക്രട്ടറി

# കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ

## സമഷ്ടി 2022–23



രാജേഷ് എം.ജി
ചീഫ് എഡിറ്റർ



ശ്രീജിത്ത് കെ. എസ്
മാനേജിംഗ് എഡിറ്റർ



സജികുമാർ എം.
എഡിറ്റർ



സുനിൽകുമാർ സി. ആർ
എഡിറ്റർ



വിൻസെന്റ് യു.
എഡിറ്റർ



ബിനു സത്യൻ എം. എസ്
എഡിറ്റർ

# കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ

## വനിതാവേദി 2022 – 23



**സുനിത എസ്. ജോർജ്ജ്**
പ്രസിഡന്റ്



**ഉമൈബ വി**
സെക്രട്ടറി



**റോസമ്മ ഐസക്**
ട്രഷറർ



**ഹസീന പി. എസ്.**
വൈസ് പ്രസിഡന്റ്



**സ്മിത അലക്സ്**
വൈസ് പ്രസിഡന്റ്



**ഗായത്രി**
വൈസ് പ്രസിഡന്റ്



**ഷാനി എം. എസ്.**
ജോയിന്റ് സെക്രട്ടറി



**റീജ എസ്.**
ജോയിന്റ് സെക്രട്ടറി



**ശില്പ പി. ജി**
ജോയിന്റ് സെക്രട്ടറി

# സമരമുഖങ്ങളിലൂടെ..





















കൂട്ട ഉപവാസം
DA കുടിശ്ശിക 11%




പ്രതീകാത്മക നാട്ടുകടത്തൽ
അഞ്ചംഗകമ്മിറ്റി അറബിക്കടലിൽ....
കേരള സെക്രട്ടേറിയറ്റ് അസോസിയേഷ




DA കുടിശ്ശിക 11%




വിട
കേരളത്തിലെ കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ കാരണവർ
ആര്യാടൻ മുഹമ്മദിന്
ആദരാഞ്ജലികൾ




വിട
സതീശൻ പാച്ചേനി
ആദരാഞ്ജലികൾ



Best Compliments from
നാടിന്റെ രുചി ഹൃദയത്തിന്റെ
ആരോഗ്യം മനസ്സിന്റെ സംതൃപ്തി
QUALITY BUSINESS INITIATIVE
COCO
NEO
THE PREMIUM COCONUT OIL
വെളിച്ചെണ്ണ
Shop Now at coconeo.in
PH:9037272575
UDIYANKULANGARA
COCO
NEO
PREMIUM
COCONUT OIL
വെളിച്ചെണ്ണ
100% pure and natural premium coconut oil made with quality and care in our own manufacturing unit
Net Qty: 1 Litre
( 910 grams )
Nutritional content (per 100g)
Manufactured by:
QBI Food Industries,CP VI/480(A),
Udiyankulangara, Neyyatinkara,
Thiruvananthapuram-695122
For feedback/complaints contact:
Ph: +91 9037272575
qualitybusinessinitiative@gmail.com
MRP Rs
(incl of all taxes)
Best before 9 months from manufacture
100% NATURAL
SHOP NOW at coconeo.in
MADE IN KERALA

സ്വർണ്ണവിപണിയിൽ ആദ്യമായി
Jos Jewelleryയിൽ നിന്ന് വാങ്ങുന്ന
സ്വർണ്ണം **വിൽക്കുമ്പോഴും** മാറ്റി **വാങ്ങുമ്പോഴും**
അതാത് ദിവസത്തെ സ്വർണ്ണവിലയിൽ
ഒരു കുറവും വരാതെ CASH* ലഭിക്കുന്നു.

jos jewellery
beyond trust
Gold Diamond Silver

100% BIS 916 HALLMARKED

Ulloor, Akkulam Road, Thiruvananthapuram
Call Us: 9400407916

*T&C APPLY


